Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ശീതകാലം 2026

# മുന്നറിയിപ്പ്
# അപകടം മുന്നിൽ!

**എന്നാൽ ഈ പടികൾ പാലിച്ചാൽ നിങ്ങൾക്ക് സുരക്ഷിതത്വം കണ്ടെത്താൻ കഴിയും**



# മുന്നറിയിപ്പ്



## അപകടം മുന്നിൽ!

**ലോ**കത്തിന്റെ അവസ്ഥ അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞുപോയ ചില ആണ്ടുകളിൽ ആഗോള ആരോഗ്യ സംഘർഷവും, കടുത്ത ചൂടും, പ്രതികൂല കാലാവസ്ഥയും, യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും വർദ്ധനവും കാണുന്നു. ഭക്ഷണത്തിനും, ഊർജ്ജത്തിനും, പണത്തിനും ദൗർലഭ്യമുണ്ടാകുമെന്നുള്ള മുന്നറിയിപ്പുകൾ കേൾക്കുന്നു. വരൾച്ചയും, വെള്ളപ്പൊക്കവും നിരവധി രാജ്യങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ആഗോള സാമ്പത്തികശക്തികൾ വീട്ടുവാൻ വകയില്ലാത്ത കടബാദ്ധ്യതയിൽ അകപ്പെട്ടിരിക്കുന്നതിനാൽ, ഒരു വൻ സാമ്പത്തിക തകർച്ചയെ നേരിടുവാൻ ഇടവരുമെന്ന് വിദഗ്ധർ മുന്നറിയിക്കുന്നു. ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ ഗുട്ടെറസ് പറഞ്ഞു: 'ഈ സംഘർഷം മനുഷ്യ വർഗ്ഗത്തിന്റെ ഭാവി നിലനിൽപ്പിനെയും, നാം ജീവിക്കുന്ന ഗ്രഹത്തിന്റെ ഭാഗധേയത്തെ തന്നെയും ഭീഷണിപ്പെടുത്തുന്നു എന്നു മാത്രമല്ല, ഭീമമായ ഒരു ആഗോള പ്രവർത്തന സ്തംഭനാവസ്ഥയിലേക്കും ഈ സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നു.'

ഈ സംഘർഷങ്ങൾ വേദ പുസ്തക പ്രവചനങ്ങളുമായി ഒത്തുവരുന്നു. യുഗാവസാനത്തിങ്കൽ വലിയ തോതിലുള്ള കുഴപ്പങ്ങളുടെ ഒരു കാലഘട്ടം വന്നുചേരുമെന്ന് ബൈബിൾ പ്രവചനങ്ങൾ മുന്നറിയിക്കുന്നു. കർത്താവായ യേശുവിന്റെ ഭൂമിയിലേക്കുള്ള രണ്ടാമത്തെ വരവിനു മുമ്പ് സംഭവിക്കാൻ പോകുന്ന ഒരു മഹോപദ്രവകാലത്തിന്റെ ഉച്ചസ്ഥിതിയിൽ ഈ സംഘർഷം ഉണ്ടാകും. ദൈവം ആ നാളുകൾ വെട്ടിച്ചുരുക്കാതിരുന്നാൽ യാതൊരു മനുഷ്യ ജീവികളും രക്ഷപ്പെടുകയില്ല (മത്താ. 24:21,22). ഈ കാലത്തെക്കുറിച്ച് ബൈബിളിൽ സൂചിപ്പിച്ചിരിക്കുന്ന ചില പ്രവചനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

'മൃഗം' അല്ലെങ്കിൽ എതിർക്രിസ്തു എന്നറിയപ്പെടുന്ന ഒരാളുടെ നിയന്ത്രണത്തിലുള്ള ഒരു സ്വേച്ഛാധിപത്യ ഭരണകൂടം ഉയർന്നുവരും. 2 തെസ്സ. 2, വെളി. 13, 17.

---

നമ്മുടെ കാലഘട്ടത്തിലെ സവിശേഷമായ ഒരു അടയാളം യിസ്രായേലിന്റെ പുനഃസ്ഥാപനവും യരൂശലേമിനെ ആര് ഭരിക്കണം എന്നതിനെക്കുറിച്ചുള്ള നിലവിലെ സംഘർഷവുമാണ്. ഇത് ലോക ശ്രദ്ധ പശ്ചിമേഷ്യയിലേക്ക് കേന്ദ്രീകരിക്കുമെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. ഇത് യേശു മശിഹായുടെ യെരൂശലേമിലേക്കുള്ള തിരിച്ചുവരവോടെ അവസാനിക്കുന്ന അന്തിമ യുദ്ധത്തിലേക്ക് നയിക്കും. യെഹെ. 36–39, സെഖ. 12–14, ലൂക്കൊ. 21.20–24, വെളി. 16:16, 19:11–20.6

---

യേശുക്രിസ്തുവിന്റെ യഥാർത്ഥ സന്ദേശത്തോട് ലോകമെമ്പാടും എതിർപ്പുണ്ടാകുമെങ്കിലും, അതേസമയം ദശലക്ഷക്കണക്കിന് ആളുകൾ അവങ്കലേക്ക് തിരിയുകയും വരാനിരിക്കുന്ന കഷ്ടതയിൽ നിന്ന് രക്ഷയും മോചനവും കണ്ടെത്തുകയും ചെയ്യുന്നു. മത്തായി 24, 1 തെസ്സ.4–5, വെളിപ്പാട് 7.

---

'ദുഃഖവും നാശവും' ഉണ്ടായിരുന്നാലും, ദൈവത്തിലേക്ക് തിരിയുന്നവർക്ക് ഭാവിയെക്കുറിച്ച് ഒരു വലിയ പ്രതീക്ഷയുണ്ട്. ഇപ്പോൾ തന്നിൽ ആശ്രയിക്കുന്ന എല്ലാവരെയും രക്ഷിക്കാൻ യേശു വീണ്ടും വരുന്നു (യോഹ. 14. 1–3, 1 തെസ്സ. 4–5). ഈ സംഭവത്തിന്

(അല്ലെങ്കിൽ നമ്മുടെ മരണ നിമിഷത്തിന്) തയ്യാറാകാൻ, നാം അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും വേണം, അതായത് യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ഇപ്പോൾ യേശുവിലേക്ക് തിരിയുന്നവർക്ക് ഇഹത്തിലും പരത്തിലും ഉറപ്പായ പ്രത്യാശ ഉണ്ടായിരിക്കും. അങ്ങനെ ചെയ്യാത്തവർ ഈ ലോകത്തിലും വരാനിരിക്കുന്നതിലും ദൈവത്തിൽ നിന്ന് ഛേദിക്കപ്പെടും. ആത്യന്തികമായി അത് സ്വർഗ്ഗത്തിനും നരകത്തിനും ഇടയിലുള്ള ഒരു തിരഞ്ഞെടുപ്പാണ്.

*'ദൈവം ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് കൽപ്പിക്കുന്നു, കാരണം താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചിരിക്കുന്നു.അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുകൊണ്ട് എല്ലാവർക്കും ഇതിന്റെ ഉറപ്പ് നൽകിയിരിക്കുന്നു'* അപ്പൊ. 17:30–31.

## ഇതാണ് നാം ചെയ്യേണ്ടത്.

**1. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും നമുക്ക് നിത്യജീവൻ നൽകാൻ ആഗ്രഹിക്കുന്നുവെന്നും മനസ്സിലാക്കുക:**

എന്തെന്നാൽ, *'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'* (യോഹ. 3.16).

**2. സ്വഭാവത്താൽ നാമെല്ലാവരും പാപികളാണെന്നും പാപം നിമിത്തം ദൈവത്തിൽ നിന്ന് വേർപെട്ടവരാണെന്നും മനസ്സിലാക്കുക.**

*'എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു'* റോമർ. 3.23.

*'പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ'* റോമർ 6.23.

**3. പാപത്തിനായുള്ള ദൈവത്തിന്റെ ഏക കരുതൽ യേശുക്രിസ്തുവാണെന്ന് അംഗീകരിക്കുക:**

*'എന്നാൽ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു എന്നതിനാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'* റോമർ 5.8.

*'തിരുവെഴുത്തുകളിൻ പ്രകാരം ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, തിരുവെഴുത്തുകളിൻ പ്രകാരം അവൻ അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു.* 1 കൊരി. 15.3–4.

**4. യേശുവിനെ വ്യക്തിപരമായി രക്ഷകനും കർത്താവുമായി സ്വീകരിക്കുക.**

*'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു'* യോഹന്നാൻ 1 .12.✱

## ഉള്ളടക്കം


മുന്നറിയിപ്പ് – അപകടം മുന്നിൽ............................ 1

ആധുനിക ബ്രിട്ടനിൽ ക്രിസ്തു വിശ്വാസം തള്ളപ്പെടുന്നു............................ 4

യിസ്രായേലിൽ സമാധാനം കൊണ്ടുവരാൻ ആർക്കു കഴിയും?............................ 9

വരൾച്ചയും പ്രളയവും വരാൻ പോകുന്ന മഹാദുരന്തവും............................ 16

മശിഹാ പ്രവചനങ്ങൾ............................ 23

മശിഹായുടെ രണ്ടാം വരവിനെപ്പറ്റിയുള്ള പ്രവചനങ്ങൾ............................ 29.

# ആധുനിക ബ്രിട്ടനിൽ ക്രിസ്തു വിശ്വാസം തളളപ്പെടുന്നു



'ഭ്രാന്തന്മാർ അന്ധരെ നയിക്കുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ ശാപം.' ഷേക്സ്പിയറുടെ 'കിംഗ് ലിയർ' എന്ന നാടകത്തിൽ നിന്നെടുത്തിട്ടുള്ള ഈ വരികൾ, ലിയർ രാജാവ് തന്റെ രാജ്യം ക്രൂരരും ദുഷ്ടരുമായ ഗോണറിൽ, റീഗൻ എന്നീ പെൺമക്കൾക്ക് വിട്ടുകൊടുത്തതിന് ശേഷമുള്ള രംഗത്തിൽ നിന്നുള്ളതാണ്. സർവ്വവും നഷ്ടപ്പെട്ട് ഭവനരഹിതനും കാൽക്കാശിനു വകയില്ലാതെ നിരാലംബനുമായ അയാൾ, കാഴ്ചശക്തി നഷ്ടപ്പെട്ട ഗ്ലൗസെസ്റ്റർ പ്രഭുവിനെ ഒരു കൊടുങ്കാറ്റിലൂടെ മരണത്തിലേക്ക് നയിക്കുന്ന കാഴ്ചയാണിത്. ഷേക്സ്പിയർ നാടകങ്ങളിലെ ഏറ്റവും ദാരുണമായ ഈ രംഗം, ഭ്രാന്തമായ ചിന്താഗതിയുള്ള ഭരണാധികാരികൾ ഒരു സമൂഹത്തെ നാശത്തിലേക്ക് നയിക്കുന്നതിന്റെയും, ചുറ്റും നടക്കുന്നത് തിരിച്ചറിയാതെ ജനങ്ങൾ അന്ധരായി തുടരുന്നതിന്റെയും ചിത്രമാണ്. ആധുനിക ബ്രിട്ടനിലെ ജീവിതവും ഇന്ന് ഇതിന് സമാനമാണ്.

ആധുനിക ബ്രിട്ടന്റെ അവസ്ഥയിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് പത്രപ്രവർത്തകൻ പീറ്റർ ഹിച്ചൻസ് അടുത്തിടെ ജനങ്ങളെ ഇപ്രകാരം ഉപദേശിച്ചു. 'നിങ്ങൾക്ക് കഴിയുമെങ്കിൽ ഇവിടെനിന്നും രക്ഷപ്പെടുക.' അദ്ദേഹം പറഞ്ഞു: 'ബ്രിട്ടന്റെ അവസ്ഥ എന്താണെന്ന് വിദേശ രാജ്യങ്ങളിലുള്ളവർ ഇപ്പോൾ മനസ്സിലാക്കി കഴിഞ്ഞു -- ഇവിടെ ഒന്നും കൃത്യമായി നടക്കുന്നില്ല, നമ്മുടെ വിദ്യാലയങ്ങൾ പ്രയോജനമില്ലാത്തവയാണ്, സർവ്വകലാശാലകളുടെ അവസ്ഥ അതിലും മോശമാണ്, നാം ആളുകളെ ഒന്നിനും പ്രാപ്തരാക്കുന്നില്ല. നമ്മുടെ ഭരണം വളരെ മോശമാണ്, ഒരു കാര്യം പോലും എങ്ങനെ നടത്തണമെന്ന് നമുക്കറിയില്ല. നമ്മുടെ രാഷ്ട്രീയക്കാരുടെ പെരുമാറ്റം, അവരുടെ അപ്രാപ്തി, ചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള അവരുടെ കഴിവില്ലായ്മ, കൈവശമില്ലാത്ത പണം പോലും ചിലവഴിക്കാനുള്ള അവരുടെ അമിതമായ താല്പര്യം, നമ്മുടെ പ്രധാന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള വിമുഖത — ഇവയെല്ലാം ഒരിക്കൽ മഹത്തായ ഒരു സംസ്കാരമായിരുന്ന ഈ രാജ്യത്തിന്റെ തകർച്ചയ്ക്ക് കാരണമാകുന്നു. ഈ സ്ഥലം എന്നെന്നേക്കും വാസയോഗ്യമായി തുടരുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എങ്കിൽ നിങ്ങൾക്ക് തെറ്റി. കഴിയുമെങ്കിൽ ഇവിടെനിന്നും രക്ഷപ്പെടുക.'

ആലിസ്റ്റർ ഹീത്ത് ഡെയ്ലി ടെലിഗ്രാഫിൽ എഴുതി: 'പതിറ്റാണ്ടുകളായുള്ള രാഷ്ട്രീയ നശീകരണ പ്രവർത്തനങ്ങളാൽ തകർക്കപ്പെട്ട, നാം അറിഞ്ഞും സ്നേഹിച്ചും പോന്ന ആ പഴയ ബ്രിട്ടൻ ഇന്ന് നിലവിലില്ല; സ്ഥിരതയുടെയും പ്രായോഗികതയുടെയും പൗരാണിക സ്വാതന്ത്ര്യത്തിന്റെയും ആ നാട് ഇന്നില്ലാതായിരിക്കുന്നു. ഇന്നത്തെ ബ്രിട്ടൻ കൂടുതൽ വിരൂപവും, ദരിദ്രവും, അസ്ഥിരവും, അരാജകത്വം നിറഞ്ഞതുമാണ്. നമുക്ക് നമ്മുടെ വിവേകം നഷ്ടപ്പെട്ടിരിക്കുന്നു. ക്രോധവും നിരാശയുമാണ് ഇന്ന് നമ്മുടെ മുഖമുദ്രയായ വികാരങ്ങൾ. നമ്മുടെ പാരമ്പര്യ സ്ഥാപനങ്ങൾ ക്ഷയിച്ചുപോയി, സ്വന്തം ചരിത്രത്തെ വെറുക്കാൻ നമ്മെ പഠിപ്പിച്ചിരിക്കുന്നു. കുടുംബം, സമൂഹം, വിശ്വാസം എന്നിവയുടെ തകർച്ച ജന

ങ്ങളിൽ അന്യതാബോധവും ക്ഷേമപദ്ധതികളെ അമിതമായി ആശ്രയിക്കുന്ന അവസ്ഥയും സൃഷ്ടിച്ചു. ഇത് സാമൂഹ്യ മാധ്യമങ്ങളുടെ പിന്തുണയോടെ പുതിയ മതേതര-വർഗ്ഗീയ പ്രത്യയശാസ്ത്രങ്ങളുടെ വളർച്ചയ്ക്ക് കാരണമായി. രാജ്യം കൂടുതൽ സ്വേച്ഛാധിപത്യപരമായി മാറുമ്പോഴും, കലാപത്തിന്റെയും തീവ്രവാദത്തിന്റെയും ലക്ഷണങ്ങൾ ചുറ്റും പ്രകടമാണ്. വഞ്ചിക്കപ്പെട്ടു എന്ന ബ്രിട്ടീഷ് ജനതയുടെ തോന്നൽ ന്യായമാണ്, എന്നാൽ അത് അപകടകരവുമാണ്. ഭരണയന്ത്രം അപ്രാപ്തവും സ്വാർത്ഥവുമാണ്; ആഗോള താൽപ്പര്യങ്ങൾക്ക് അനുസൃതമായി സമൂഹത്തെ മാറ്റിയെടുക്കാനുള്ള ഒരു ഉപകരണം മാത്രമായി അത് അധഃപതിച്ചിരിക്കുന്നു.'

മെലാനി ഫിലിപ്സ് തന്റെ 'പണിയുന്നവരുടെ കല്ല്' (The Builders' Stone) എന്ന പുസ്തകത്തിൽ കുറിച്ചു: 'പാശ്ചാത്യ ലോകം അതിന്റെ അന്തഃസ്സത്തയിൽ തന്നെ ജീർണ്ണിച്ചതാണെന്ന് ഉറപ്പിച്ചുകൊണ്ട്, പാശ്ചാത്യ ഉന്നതകുലജാതർ, മനുഷ്യ സാഹോദര്യം വളർത്തുന്നതിനും വെറുപ്പും വിദ്വേഷവും യുദ്ധങ്ങളും ഇല്ലാതാക്കുന്നതിനുമായി ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാൻ ഇറങ്ങിത്തിരിച്ചു. അവരുടെ ഈ 'ധീരമായ പുതിയ ലോകം' (Brave New World), പെരുമാറ്റങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന ബൈബിൾ അധിഷ്ഠിത വിശ്വാസങ്ങളെ തിരസ്കരിക്കുകയും, പകരം വ്യക്തിപരമായ സുഖഭോഗങ്ങളിൽ അധിഷ്ഠിതമായ ജീവിതശൈലിയിലേക്ക് മാറുകയും ചെയ്തു. എല്ലാവർക്കും തങ്ങൾ ആഗ്രഹിക്കുന്നതുപോലെ ജീവിക്കാൻ അവകാശമുണ്ടെന്നും; ഒരാളുടെ ജീവിതരീതി മറ്റൊരാളുടേതിനേക്കാൾ മികച്ചതാണെന്നോ മോശമാണെന്നോ പറയാൻ ആർക്കും കഴിയില്ലെന്നും, ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തേക്കാൾ ശ്രേഷ്ഠമാണെന്ന് പറയാൻ ആർക്കും അവകാശമില്ലെന്നുമുള്ള ചിന്താഗതി വന്നു. അങ്ങനെ പറയുന്നത് 'വംശീയത' ആയി കണക്കാക്കപ്പെട്ടു. ഇതിന്റെയെല്ലാം കാതൽ 'വസ്തുനിഷ്ഠമായ സത്യം' എന്നൊന്നില്ല എന്ന സിദ്ധാന്തമായിരുന്നു. എല്ലാം ആപേക്ഷികമായിരുന്നു; എല്ലാം ഓരോരുത്തരുടെയും അഭിപ്രായങ്ങൾ മാത്രമായി മാറി. സത്യം എന്നൊന്നില്ലാതായതോടെ, വസ്തുതകളേക്കാൾ വികാരങ്ങൾക്ക് പ്രാധാന്യം ലഭിച്ചു. അങ്ങനെ പാശ്ചാത്യ ലോകം വൈവിധ്യം, മനഃസാക്ഷി, സത്യം-അസത്യം, വ്യക്തിപരമായ ഉത്തരവാദിത്തം, മറ്റുള്ളവരോടുള്ള കടമ എന്നിവയിലധിഷ്ഠിതമായ മൂല്യങ്ങളെ കൈവിട്ട്, കേവലം സ്വാർത്ഥതയിലൂന്നിയ ഒരു സംസ്കാരത്തെ സ്വീകരിച്ചു. ഈ പ്രക്രിയയിലൂടെ, പാശ്ചാത്യ സംസ്കാരത്തിന്റെ അടിസ്ഥാനമായിരുന്ന പാരമ്പര്യങ്ങളെയും ബൈബിൾ പ്രമാണങ്ങളെയും അവർ വലിച്ചെറിഞ്ഞു.'

ഈ ബൈബിൾ പ്രമാണങ്ങൾക്കു പകരം 'വൈവിധ്യം, സമത്വം, ഉൾക്കൊള്ളൽ, ബഹുസ്വരത' എന്നിവ പ്രതിഷ്ഠിക്കപ്പെടുകയാണ്. വൈവിധ്യത്തിന്റെയും സമത്വത്തിന്റെയും പ്രശ്നം എന്താണെന്നുവച്ചാൽ, ഈ പ്രക്രിയയിൽ ബൈബിൾ അധിഷ്ഠിത ക്രൈസ്തവ വിശ്വാസം പുറന്തള്ളപ്പെടുന്നു എന്നതാണ്. ഹാംപ്ഷെയറിലെ ഒരു വിദ്യാലയം, 'വൈവിധ്യത്തോടുള്ള ആദരവ്' മുൻനിർത്തി ഈസ്റ്റർ ആഘോഷങ്ങൾ റദ്ദാക്കുന്നു എന്ന് മാതാപിതാക്കൾക്ക് കത്തെഴുതി. 'എല്ലാ കുട്ടികളുടെയും കുടുംബങ്ങളുടെയും വിശ്വാസങ്ങളെ ബഹുമാനിക്കുന്ന കൂടുതൽ ഉൾക്കൊള്ളുന്ന അന്തരീക്ഷം സൃഷ്ടിക്കാനാണ്' ഇതെന്ന് പ്രധാനാധ്യാപിക മാതാപിതാക്കളോട് വിശദീകരിച്ചു. ചുരുക്കത്തിൽ, വൈവിധ്യത്തിന്റെ ബലിപീഠത്തിൽ ക്രൈസ്തവരുടെ

വിശ്വാസങ്ങളും പാരമ്പര്യങ്ങളും ബലി കഴിക്കപ്പെടേണ്ടിവരുന്നു.

ഈ പ്രക്രിയയുടെ ഏറ്റവും പുതിയ ഉദാഹരണം വടക്കൻ അയർലൻഡിൽ നിന്നാണ്. അവിടെ ക്രിസ്തീയ വിശ്വാസത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള മതപഠനം നിയമവിരുദ്ധമാണെന്ന് സുപ്രീം കോടതി വിധിച്ചു. 'JR 87' എന്ന കേസിൽ 2025 നവംബറിലുണ്ടായ സുപ്രീം കോടതി വിധി പ്രകാരം, ബെൽഫാസ്റ്റിലെ ഒരു പ്രൈമറി വിദ്യാലയത്തിൽ ക്രിസ്തീയ വിശ്വാസത്തിന് മാത്രം മുൻഗണന നൽകുന്ന രീതിയിലുള്ള മതപഠനവും കൂട്ടായ ആരാധനയും നിയമവിരുദ്ധമാണെന്ന് കണ്ടെത്തി. ഇത് 'നിഷ്പക്ഷവും വിമർശനാത്മകവും ബഹുസ്വരവുമായ രീതിയിൽ' അല്ലാത്തതിനാലാണ് ഇത്തരമൊരു വിധി. യൂറോപ്യൻ മനുഷ്യാവകാശ കൺവെൻഷൻ നിർവ്വചിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളുടെ ലംഘനമാണ് ഈ അധ്യാപന രീതിയെന്ന് ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചു. പരാതിക്കാരായ അച്ഛനും മകൾക്കും വേണ്ടി ഹാജരായ ഫീനിക്സ് ലോയിലെ ഡാരാ മാക്കിൻ പറഞ്ഞു, 'ഈ വിധി ഈ അധികാരപരിധിയിലെ വിദ്യാഭ്യാസ അവകാശങ്ങളുടെ കാര്യത്തിൽ ഒരു നിർണ്ണായക നിമിഷമാണ്, ഒരുപക്ഷേ കഴിഞ്ഞ നൂറ്റാണ്ടിലെ വിദ്യാഭ്യാസ സംബന്ധമായ ഏറ്റവും പ്രധാനപ്പെട്ട നിയമപരമായ തീരുമാനമാണിത്.' സ്കൂളുകളിൽ ബൈബിൾ അധിഷ്ഠിതമായ ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നത് നിയമവിരുദ്ധമാണെന്നാണ് ഇതിന്റെ സൂചന.

ക്രിസ്തു മാർഗ്ഗം അടിച്ചമർത്തപ്പെടുമ്പോൾ തന്നെ, സർക്കാർ സ്ഥാപനങ്ങൾ മറ്റു മത വിശ്വാസങ്ങളെ സജീവമായി പ്രോത്സാഹിപ്പിക്കുന്നു എന്ന ആരോപണവും ഉയരുന്നുണ്ട്. 'ബ്രിട്ടീഷ് നീതി ശബ്ദം' പുറത്തുവിട്ട വിവരങ്ങൾ പ്രകാരം, റമദാൻ മാസത്തിൽ മുസ്ലീം സഹപ്രവർത്തകരോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനായി നോമ്പ് അനുഷ്ഠിക്കാൻ 'ദേശീയ ആരോഗ്യ സേവന' ജീവനക്കാരെ മുതിർന്ന നേതാക്കൾ പ്രോത്സാഹിപ്പിച്ചു. ഇതു സംബന്ധമായ പരസ്യങ്ങൾ എല്ലാ ജീവനക്കാർക്കും വിതരണം ചെയ്തു. ആരോഗ്യ സേവന ഓഫീസർ ക്രിസ് ഹോപ്സൺ ഇതിനെ പിന്തുണച്ചുകൊണ്ട് അമിതമായ ആവേശത്തോടെ ഇങ്ങനെ എഴുതി: 'ഞങ്ങളുടെ എല്ലാ മുസ്ലീം സഹപ്രവർത്തകരോടുമുള്ള എന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനായി ഈ ചടങ്ങിൽ പങ്കെടുക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.'

അത് പോരാത്തതിന്, അതേ ശൃംഖല നിർമ്മിച്ചു വിതരണം ചെയ്ത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ, ആരോഗ്യ ജീവനക്കാരെ ക്രിസ്തു വിരുദ്ധ മതം സ്വീകരിക്കാൻ സജീവമായി പ്രോത്സാഹിപ്പിക്കുന്നു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. 'പുതിയ വിശ്വാസികൾ'ക്കായുള്ള കൈപ്പുസ്തകം എല്ലാ ജീവനക്കാർക്കും വിതരണം ചെയ്യുന്നതായും, ഇതര മത വിശ്വാസം സ്വീകരിക്കുന്നത് 'നിങ്ങൾ എടുക്കുന്ന ഏറ്റവും മികച്ച തീരുമാനമായിരിക്കും' എന്ന് വിശ്വാസികളല്ലാത്തവരോട് ഇത് പറയുന്നതായും റിപ്പോർട്ടുകളുണ്ട്. നഗ്നമായ പക്ഷപാതപരമായ പ്രചാരണമെന്ന് തോന്നിപ്പിക്കുന്ന ഇതിനെ ന്യായീകരിച്ചുകൊണ്ട് ആരോഗ്യ മേഖലാ മേധാവികൾ ഇപ്രകാരം പ്രസ്താവിച്ചു:, 'നമ്മുടേത് വൈവിധ്യമാർന്ന ഒരു രാജ്യമാണ്, അത് നമ്മുടെ ആരോഗ്യ സേവനമേഖലയിലും പ്രതിഫലിക്കുന്നുണ്ട് — നമ്മുടെ എല്ലാ ജീവനക്കാർക്കും ഉൾക്കൊള്ളൽ അനുഭവപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്, എങ്കിൽ മാത്രമേ ആരോഗ്യവകുപ്പിന് പരമാവധി കാര്യക്ഷമതയുള്ള ഒരു തൊഴിൽസേനയെ

നിലനിർത്താനും പുതിയ ആളുകളെ നിയമിക്കാനും സാധിക്കുകയുള്ളൂ.'

അതേസമയം, ക്രിസ്തീയ വിശ്വാസികളായ ജീവനക്കാർ അവരുടെ വിശ്വാസം പങ്കുവെക്കുന്നതിനോ, രോഗികൾക്കായി പ്രാർത്ഥിക്കാമെന്ന് പറയുന്നതിനോ, അല്ലെങ്കിൽ ഇരുലിംഗ വ്യക്തികൾ ആവശ്യപ്പെടുന്ന സർവ്വനാമങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിനോ ശിക്ഷിക്കപ്പെടുന്നു. കിഴക്കൻ ലണ്ടനിലെ ഒരു പ്രാഥമിക വിദ്യാലയത്തിലെ ക്രിസ്ത്യൻ അധ്യാപികയെ, ഒരു മുസ്ലീം വിദ്യാർത്ഥിയോട് "ബ്രിട്ടൻ ഇപ്പോഴും ഒരു ക്രിസ്ത്യൻ രാജ്യമാണ്" എന്ന് പറഞ്ഞതിന്റെ പേരിൽ അധ്യാപനത്തിൽ നിന്ന് വിലക്കുകയും വിദ്വേഷ കുറ്റകൃത്യത്തിന് നടപടിയെടുക്കുകയും ചെയ്തു. മറ്റുള്ളവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും വിമർശിക്കുന്നത് പ്രയാസകരമാക്കുന്നതും ആവിഷ്കാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതുമായ ഒരു നിയമത്തെ സർക്കാർ പ്രോത്സാഹിപ്പിക്കുകയാണ്.

ലിംഗമാറ്റത്തെക്കുറിച്ചോ സ്വവർഗാനുരാഗത്തെക്കുറിച്ചോ തങ്ങളുടെ ഇഷ്ടാനുസരണം കുട്ടികളെ പഠിപ്പിക്കാൻ നിരീശ്വരവാദികൾക്കും മാനവികതാവാദികൾക്കും സ്വാതന്ത്ര്യമുണ്ട്, എന്നാൽ ഇത് പ്രതിബദ്ധതയുള്ള ക്രിസ്ത്യാനികളുടെ മൂല്യങ്ങൾക്ക് വിരുദ്ധമാണ്. തങ്ങൾ 'തെറ്റായ ശരീരത്തിലാണ് ജനിച്ചത്' എന്ന് കരുതുകയും ലിംഗമാറ്റം ആഗ്രഹിക്കുകയും ചെയ്യുന്ന ആരോഗ്യവാന്മാരായ കുട്ടികളിൽ പ്രായപൂർത്തിയാകുന്നത് തടയുന്ന 'താരുണ്യം തടയൽ'(Puberty blocker) പരീക്ഷിക്കുന്നതിനെക്കുറിച്ച് ഡെയ്‌ലി മെയിൽ (ഡിസംബർ 11) വിവരിക്കുന്നുണ്ട്. എട്ട് വയസ്സുമാത്രം പ്രായമുള്ള കുട്ടികളിൽ പോലും, പ്രായ പൂർത്തിയാകുമ്പോൾ ശരീരത്തിലുണ്ടാകുന്ന സ്വാഭാവിക മാറ്റങ്ങളെ മന്ദഗതിയിലാക്കാനോ തടയാനോ ഉള്ള മരുന്നുകൾ കുത്തിവയ്ക്കും. ഇത് വന്ധ്യതയിലേക്കും ലൈംഗിക വൈകല്യങ്ങളിലേക്കും നയിച്ചേക്കാവുന്ന ഒരു വൈദ്യ പാതയിലേക്ക് അവരെ എത്തിക്കുന്നു. വനിതാ ക്ഷേമ പ്രവർത്തകർ ഈ പ്രക്രിയയെ 'സർക്കാർ സഹായത്തിൽ ചെയ്യുന്ന രാസവസ്തുക്കൾ ഉപയോഗിച്ചുള്ള കുട്ടികളുടെ വന്ധീകരണം എന്നാണ് വിശേഷിപ്പിച്ചത്.'

ബ്രിട്ടനിലെ ഔദ്യോഗിക സഭയുടെ വലിയൊരു ഭാഗം ഈ ഭ്രാന്തമായ നടപടികളോട് യോജിച്ചു പോകുകയാണ്. ബൈബിൾ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുകയും സ്വവർഗ്ഗാനുരാഗ ആശയങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്തതിന്റെ പേരിൽ ആഗ്ലിക്കൻ സഭ അവരുടെ തന്നെ ഒരു പുരോഹിതനെ ശുശ്രൂഷകൾ ചെയ്യുന്നതിൽ നിന്നും തടഞ്ഞിരിക്കുകയാണ്. വിദ്യാലയ ദേവാലയത്തിൽ നടത്തിയ ഒരു പ്രസംഗത്തിൽ, വിവാഹത്തെക്കുറിച്ചുള്ള ബൈബിൾ കാഴ്ചപ്പാടുകൾ പിന്തുടരാൻ വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് പറഞ്ഞതിനാണ് ഡെർബി രൂപത റവ. ഡോ. ബെർണാഡ് റാൻഡലിനെ സുരക്ഷാ പ്രശ്നങ്ങൾ ഉന്നയിച്ച് കരിമ്പട്ടികയിൽപ്പെടുത്തിയത്. ആംഗ്ലിക്കൻ സഭയുടെ തന്നെ പ്രമാണമാണ് അദ്ദേഹം പ്രസംഗിച്ചത്. വരുംകാല പ്രസംഗങ്ങളിൽ അദ്ദേഹം എന്തും പറഞ്ഞേക്കാം എന്ന വിചിത്രമായ ഭീതി ഉയർത്തി സഭ അദ്ദേഹത്തെ ഇപ്പോഴും ഒരു ഭീഷണിയായിട്ടാണ് കാണുന്നത്. വിവാഹത്തെയും ലൈംഗികതയെയും കുറിച്ചുള്ള ബൈബിൾ അധിഷ്ഠിത നിലപാടുകൾ പുലർത്തുന്ന ഏതെങ്കിലും ഒരു ശുശ്രൂഷകന് ഈ സഭയിൽ ഇനി ഭാവിയുണ്ടോ എന്ന ചോദ്യമാണ് ബെർണാഡ് റാൻഡലിനോടുള്ള സഭയുടെ സമീപനം ഉയർത്തുന്നത്. അദ്ദേഹത്തിന് ഇതാണ്

അവസ്ഥയെങ്കിൽ, മറ്റാർക്കും ഇത് തന്നെ സംഭവിക്കാം.

'നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന പരമ്പരാഗത വിശ്വാസങ്ങളും സംസ്കാരവും ഉപേക്ഷിക്കുകയും, പകരം ബൈബിൾ പ്രമാണങ്ങളെ നിഷേധിക്കുന്ന തരത്തിലുള്ള ഒരു മതവിശ്വാസം രൂപപ്പെടാൻ അനുകൂലമായ സാഹചര്യം ഉണ്ടാവുകയും ചെയ്യുന്ന നൂറുകണക്കിന് ഉദാഹരണങ്ങൾ എനിക്ക് കാണാൻ സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു.

## ഈ തകർച്ചയ്ക്ക് കാരണമെന്താണ്?

1851–ൽ ഇംഗ്ലണ്ടിൽ നടന്ന ജനസംഖ്യാ കണക്കു പ്രകാരം, ഏകദേശം 1.8 കോടി ജനങ്ങളിൽ 1.01 കോടി പേർ സഭകളിൽ ആരാധനയ്ക്ക് പോയിരുന്നു. അതായത് ജനസംഖ്യയുടെ ഏതാണ്ട് 60 ശതമാനം. ദശലക്ഷക്കണക്കിന് കുട്ടികൾ പതിവായി സൺഡേ സ്കൂളുകളിൽ പോവുകയും അവിടെ നിന്ന് അടിസ്ഥാന വിദ്യാഭ്യാസം നേടുകയും ബൈബിൾ പഠിക്കുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിലെ ക്രിസ്തീയ രീതികളിൽ പോരായ്മകൾ ഉണ്ടായിരുന്നിരിക്കാം, എങ്കിലും ബ്രിട്ടീഷ് സ്ഥാപനങ്ങൾ, സർക്കാർ, വിദ്യാഭ്യാസം, സംസ്കാരം, വൈദ്യശാസ്ത്രം, നിയമം, നീതിന്യായ വ്യവസ്ഥ എന്നിവയെല്ലാം രൂപപ്പെടുത്തിയത് ക്രിസ്തീയ മൂല്യങ്ങളിലായിരുന്നു എന്നത് ഒരു വസ്തുതയാണ്. മിഷണറി പ്രസ്ഥാനങ്ങൾ സുവിശേഷ പ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസത്തിലൂടെയും (വിദ്യാലയങ്ങൾ, കലാലയങ്ങൾ) വൈദ്യശാസ്ത്രത്തിലൂടെയും (ആശുപത്രികൾ) ലോകമെമ്പാടും, പ്രത്യേകിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന രാജ്യങ്ങളിൽ ക്രിസ്തീയ സുവിശേഷവും ബൈബിൾ ജ്ഞാനവും പ്രചരിപ്പിച്ചു. ഇതിന്റെ ഫലമായി സുവിശേഷം വ്യാപിക്കുകയും, ബൈബിൾ അനേകം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട് വിതരണം ചെയ്യപ്പെടുകയും ചെയ്തു. അതുവരെ ക്രിസ്തീയ സന്ദേശം എത്തിയിട്ടില്ലാത്ത രാജ്യങ്ങളിൽ സഭകൾ സ്ഥാപിതമായി. ലോകമെമ്പാടും സുവിശേഷം എത്തിക്കാൻ യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകിയ മഹാനിയോഗം (മത്താ. 28:18–20) നിറവേറ്റുന്നതിൽ ബ്രിട്ടൻ ഒരു പ്രധാന പങ്ക് വഹിച്ചു.

ഈ കാലഘട്ടത്തോടനുബന്ധിച്ച് ക്രിസ്തുവിശ്വാസത്തിന് നേരെയുള്ള കടന്നാക്രമണങ്ങളും ആരംഭിച്ചു. 1867–ൽ കവി മാത്യു അർനോൾഡ് 'ഡോവർ കടലോരം' എന്ന കവിത പ്രസിദ്ധീകരിച്ചു. 'വിശ്വാസത്തിന്റെ കടൽ' പിൻവാങ്ങുന്നതിനെക്കുറിച്ചാണ് അതിൽ അദ്ദേഹം പ്രതിപാദിച്ചത്. അദ്ദേഹം ഇപ്രകാരം എഴുതി: 'അതൊരിക്കൽ ഭൂമിയുടെ തീരങ്ങളിൽ പൂർണ്ണമായും വലംവെച്ചിരുന്നു... എന്നാൽ ഇപ്പോൾ അതിന്റെ വിഷാദഭരിതവും ദീർഘവുമായ പിൻവാങ്ങലിന്റെ ഗർജ്ജനം മാത്രമാണ് ഞാൻ കേൾക്കുന്നത്. ലോകത്തിന്റെ വിശാലവും ശൂന്യവുമായ തീരങ്ങളിലൂടെ, രാത്രി കാറ്റിന്റെ ശ്വാസത്തോടൊപ്പം അത് പിൻവാങ്ങുകയാണ്.' ബൈബിൾ അധിഷ്ഠിതമായ ലോകവീക്ഷണത്തെ വെല്ലുവിളിക്കുന്ന ആശയങ്ങളിലൂടെയാണ് ക്രിസ്തുമാർഗ്ഗ വിശ്വാസത്തിന് നേരെയുള്ള ഈ ആക്രമണം ആരംഭിച്ചത്. ഇത് പിന്നീട് യൂറോപ്പിലും ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു.

### ഉത്തരം

ഇതിനെല്ലാമുള്ള നമ്മുടെ പ്രധാന പ്രതികരണം യേശു ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്നതാണ്. സമൂഹത്തിന്റെ ക്രൈസ്തവവിരുദ്ധ പ്രവണത അന്ത്യകാലത്തിന്റെ ലക്ഷണങ്ങളാണ്. അപ്പൊസ്തലനായ പൗലൊസ് എഴുതി: ***'അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികൾ ആകും'*** (2 തിമൊ. 3: 12,13). ദൈവത്തെ അന്വേഷിപ്പാനുള്ള കാലം ഇപ്പോൾ തന്നെ.✱

# യിസ്രായേലിൽ സമാധാനം കൊണ്ടുവരാൻ ആർക്കു കഴിയും?

യിസ്രായേല്യരും പലസ്തീനികളും കഴിഞ്ഞ രണ്ടു വർഷമായി കൊടിയ യാതനയിലൂടെയാണ് കടന്നുപോകുന്നത്. ഇരുഭാഗങ്ങളിലുമുള്ള സാധാരണ ജനങ്ങൾ സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടി കൊതിക്കുന്നു. യെരൂശലേമിന്റെ സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കാൻ സങ്കീർത്തനക്കാരൻ നമ്മോട് പറയുന്നു (സങ്കീർത്തനങ്ങൾ 122:6). ബൈബിൾ അനുസരിച്ച്, യിസ്രായേലിന്റെയും യെരൂശലേമിന്റെയും സ്ഥിതിയായിരിക്കും ഈ യുഗത്തിന്റെ അവസാന ദിവസങ്ങളിൽ നടക്കുന്ന ലോക സംഭവങ്ങളുടെ മുഖ്യ രംഗം. യിസ്രായേലിനും ലോകത്തിനും യഥാർത്ഥ സമാധാനം നൽകാൻ മശിഹാ മടങ്ങിവരുന്നതിന് മുൻപ് നടക്കുന്ന ഈ സംഭവങ്ങൾ അവസാനത്തെ ലോക മഹായുദ്ധത്തിന് തിരികൊളുത്തും.

കഴിഞ്ഞ രണ്ടു വർഷമായി അസമാധാനത്തിന്റെയും കൊടിയ നാശത്തിന്റെയും സാഹചര്യമാണ് നാം കാണുന്നത്. ഒക്ടോബർ 7-ന് ഹമാസ് യിസ്രായേല്യരെ അതിക്രൂരമായി കൊലപ്പെടുത്തിയതിനും ബന്ദികളായി പിടിച്ചതിനും ശേഷം രണ്ടു വർഷമായി സംഘർഷം നടന്നുകൊണ്ടിരിക്കുന്നു. ഗാസയിൽ യിസ്രായേൽ നടത്തിയ സൈനിക നടപടിയ്ക്ക് ചില ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു: ഹമാസിന്റെ സൈനിക, ഭരണ പ്രാപ്തിയെ ഇല്ലാതാക്കുക, ബന്ദികളെയെല്ലാം മോചിപ്പിക്കുക, ഹമാസ് ഉയർത്തുന്ന സുരക്ഷാ ഭീഷണി ഇല്ലാതാക്കുക.

ഇത് വലിയ ആളപായവും നാശവും ഉണ്ടാക്കുകയും ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും യിസ്രായേലിന് എതിരാവുകയും ചെയ്തു. യിസ്രായേൽ വിരുദ്ധ പ്രതിഷേധക്കാർ യുദ്ധം അവസാനിപ്പിക്കാൻ മുറവിളി കൂട്ടി. മിക്ക പ്രതിഷേധങ്ങളിലും അവർ യെഹൂദ രാഷ്ട്രത്തിന്റെ അന്ത്യത്തിനു വേണ്ടി 'നദി മുതൽ കടൽവരെ പലസ്തീൻ സ്വതന്ത്രമാകും' എന്ന മുദ്രാവാക്യം മുഴക്കി. വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന യെഹൂദ ജനത തീവ്രവാദ ആക്രമണങ്ങളുടെ രൂപത്തിൽ വെറുപ്പിന്റെയും ശേമ്യവിരുദ്ധതയുടെയും നവതരംഗം അഭിമുഖീകരിക്കുകയും ചെയ്തു. പലസ്തീനികൾക്കെതിരെ വംശഹത്യ നടത്തുന്നുവെന്ന ആരോപണം മൂലം യിസ്രായേൽ ആഗോളവ്യാപകമായ വെറുപ്പിന് ഇരയാകുന്നു.

യിസ്രായേൽ അവരുടെ പ്രതിരോധ നടപടിയിൽ സാധാരണ ജനങ്ങളുടെ ജീവനുണ്ടാകുന്ന നഷ്ടം പരിമിതപ്പെടുത്താൻ ശ്രമിച്ചു. അതേസമയം, ഹമാസ് അവരുടെ ലക്ഷ്യം നേടാൻ സ്വന്തം ജനതയെ കുരുതി കൊടുക്കാൻ തയ്യാറായിരുന്നു. യിസ്രായേലി പട്ടണങ്ങളെയും ഗ്രാമങ്ങളെയും ലക്ഷ്യം വച്ച് ആയിരക്കണക്കിന് മിസൈലുകളാണ് ഹമാസ് തുരങ്കങ്ങളിൽ ശേഖരിച്ചു വച്ചിരിക്കുന്നത്. ഗാസയിലെ പൊതു ജനങ്ങളെ മനുഷ്യ കവചമാക്കിക്കൊണ്ടാണ് അവർ മിസൈലുകൾ ശേഖരിച്ചുവയ്ക്കുന്നത്. ഇറാനാണ് അവ ഹമാസിനും ലബനനിലും ഇറാഖിലും സിറിയയിലുമുള്ള തീവ്രവാദ സംഘങ്ങൾക്ക് നൽകുന്നത്. ഗാസയ്ക്ക് സംഭവിച്ച കൊടിയ നാശത്തിന്റെ വലിയ ഉത്തരവാദിത്തം ഈ ശക്തികൾക്കാണ്.

ഏത് രാജ്യമാണ് അതിന്റെ അയൽരാ

ജ്യത്തെ അവരുടെ അതിർത്തിക്കുള്ളിൽ അതിക്രമിച്ചു കയറി, അവരുടെ പൗരന്മാരെ കൊല്ലാനും ബലാത്സംഗം ചെയ്യാനും ബന്ദികളാക്കാനും നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്താനും സായുധരാവാനും അനുവദിക്കുന്നത്? വ്യക്തിപരമായ നിലയിൽ, നമ്മുടെ ശത്രുക്കളെ സ്നേഹിക്കാനും മറ്റേ ചെകിട് കാണിച്ചുകൊടുക്കാനും നമുക്ക് പ്രാവർത്തികമാക്കാം (മത്താ. 5:38–44). എന്നാൽ, യിസ്രായേലിന്റെ അവസ്ഥ നേരിടുന്ന ഒരു രാജ്യത്തോട് അത് ചെയ്യാൻ പറയുന്നത് ആത്മഹത്യാപരമാണ്. മുൻ യിസ്രായേൽ പ്രധാനമന്ത്രി ഒരിക്കൽ പറഞ്ഞു, 'അറബികൾ ആയുധം താഴെ വച്ചാൽ യുദ്ധം ഉണ്ടാകില്ല, യെഹൂദർ ആയുധം താഴെവച്ചാൽ യിസ്രായേൽ ഉണ്ടാകില്ല.'

## ദ്വിരാഷ്ട്ര പരിഹാരം – ചരിത്ര പശ്ചാത്തലം

ഈ സംഘർഷത്തിന് ബ്രിട്ടൻ ഉൾപ്പെട്ട ലോക രാഷ്ട്രങ്ങൾ ഒരു പരിഹാരം നിർദ്ദേശിച്ചു. ഐക്യരാഷ്ട്ര പൊതുസഭയിൽ അത് എന്താണെന്ന് വിവരിച്ചുകൊണ്ട് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ ഗുട്ടറേസ് പറഞ്ഞു: 'രണ്ട് സ്വതന്ത്ര ജനാധിപത്യ പരമോന്നത രാജ്യങ്ങൾ, യിസ്രയേലും പലസ്തീനും, സമാധാനത്തിലും സുരക്ഷയിലും 1967–നു മുമ്പുള്ള തിരിച്ചറിയപ്പെട്ട അതിർത്തിക്കുള്ളിൽ അടുത്തടുത്ത് ജീവിക്കും. അന്താരാഷ്ട്ര മാനദണ്ഡമനുസരിച്ച് യെരൂശലേം രണ്ട് രാജ്യങ്ങളുടെയും തലസ്ഥാനമായിരിക്കും'.

പുറമേ ഇത് പ്രശ്നത്തിന് നല്ലൊരു പരിഹാരമായി തോന്നാം. തർക്കഭൂമി ഇരു കക്ഷികൾക്കും ഇടയിൽ വിഭജിക്കുക. അതിനുശേഷം, അവർ സമാധാനത്തിൽ ജീവിക്കും. എന്നാൽ, അത് പറയുന്നത്ര ലളിതമല്ല. പാലസ്തീൻ യിസ്രായേലുമായി സമാധാനത്തിൽ ജീവിച്ചില്ലെങ്കിൽ, അവർക്കു ലഭിക്കുന്ന പ്രദേശത്തെ യിസ്രായേലിനെ ആക്രമിക്കാനുള്ള താവളമായി മറ്റുമെന്ന് യെഹൂദർ ഭയപ്പെടുന്നു. അവരുടെ ഭയത്തിന് അടിസ്ഥാനമുണ്ടെന്ന് ചരിത്രം സൂചന തരുന്നു.

ദേശത്തെ വിഭജിക്കാനുള്ള ശ്രമത്തെ പ്പറ്റിയും ദൈവം അതിൽ സന്തോഷവാനല്ലെന്നും യോവേൽ 3 സൂചിപ്പിക്കുന്നു, ***'ഞാൻ സകലജാതികളെയും കൂട്ടി യഹോശാഫാത്ത് (യഹോശാഫാത്തിന്റെ അർത്ഥം ദൈവം ന്യായം വിധിക്കുന്നു) താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ'*** (യോവേ. 3:2).

1947–ൽ, ഐക്യരാഷ്ട്ര സഭയുടെ 181–ാം പ്രമേയം ജോർദാൻ നദിക്ക് പടിഞ്ഞാറുള്ള പ്രദേശം ഒരു ജൂത രാഷ്ട്രമായും ഒരു അറബ് രാഷ്ട്രമായും വിഭജിക്കാൻ നിർദ്ദേശിച്ചു. ഈ പദ്ധതിയിൽ യെരൂശലേമിനെ ഐക്യരാഷ്ട്രസഭയുടെ ഭരണത്തിന് കീഴിലുള്ള ഒരു അന്താരാഷ്ട്ര മേഖലയായി നിശ്ചയിച്ചു. പാലസ്തീനിലെ ജൂതന്മാർ ഈ നിർദ്ദേശം അംഗീകരിക്കുകയും, 1948 മെയ് 14–ന് ടെൽ അവീവിൽ വെച്ച് ഡേവിഡ് ബെൻ ഗുരിയൻ യിസ്രായേൽ രാഷ്ട്രം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ, തൊട്ടടുത്ത ദിവസം തന്നെ യിസ്രായേൽ എന്ന ജൂത രാഷ്ട്രത്തെ മുളയിലേ നുള്ളിക്കളയുക എന്ന ലക്ഷ്യത്തോടെ അഞ്ച് അറബ് സൈന്യങ്ങൾ യിസ്രായേലിനെ ആക്രമിച്ചു. അവർ പരാജയപ്പെടുകയും യിസ്രായേൽ ഈ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു. തുടർന്ന്, 1949–ൽ നിശ്ചയിക്കപ്പെട്ട അതിർത്തികളിലേക്ക് അറബികളെ തുരത്താൻ യിസ്രായേലിന് സാധിച്ചു.

1967-ൽ ഈജിപ്ത്, സിറിയ, ജോർദാൻ എന്നീ രാജ്യങ്ങളുടെ സംയുക്ത അറബ് സൈന്യം യിസ്രായേലിനെ ഉന്മൂലനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ വീണ്ടും യുദ്ധത്തിന് പുറപ്പെട്ടു. എന്നാൽ 'ആറു ദിവസത്തെ യുദ്ധത്തിൽ' അവർ പരാജയപ്പെടുകയും പശ്ചിമതീരം ഗോലാൻ കുന്നുകൾ, ഗാസ, സിനായ് എന്നിവ യിസ്രായേലിന്റെ നിയന്ത്രണത്തിലാവുകയും ചെയ്തു. യിസ്രായേലിന്റെ എല്ലാ യുദ്ധങ്ങളും തങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുന്ന ആക്രമണകാരികൾക്കെതിരെയുള്ള പ്രതിരോധ യുദ്ധങ്ങളായിരുന്നു എന്നത് ശ്രദ്ധേയമാണ്. യിസ്രായേൽ സൈന്യത്തെ 'യിസ്രായേൽ പ്രതിരോധസേന (IDF)' എന്നാണ് വിളിക്കുന്നത്.

പലസ്തീൻ വിമോചന സംഘടന, യിസ്രായേലിനെതിരെയുള്ള അറബ് പോരാട്ടങ്ങളുടെ മുന്നണിയായി മാറി. അതിന്റെ നേതാവായിരുന്ന യാസർ അറഫാത്ത് ഒരിക്കൽ ഇപ്രകാരം പ്രഖ്യാപിച്ചു: 'ഞങ്ങളെ സംബന്ധിച്ചിടത്തോളം സമാധാനം എന്നാൽ യിസ്രായേലിന്റെ നാശമാണ്. തലമുറകളോളം നീണ്ടുനിൽക്കുന്ന ഒരു സമ്പൂർണ്ണ യുദ്ധത്തിനായി ഞങ്ങൾ തയ്യാറെടുക്കുകയാണ്.' യിസ്രായേലിനെ ഉന്മൂലനം ചെയ്യാനും ജോർദാൻ നദി മുതൽ മധ്യധരണി കടൽ വരെയുള്ള പ്രദേശം ഉൾപ്പെടുത്തി ഒരു പലസ്തീൻ രാജ്യം സ്ഥാപിക്കാനുമായി ഒരു സായുധപോരാട്ടത്തിന് പാലസ്തീൻ വിമോചന സംഘടനയുടെ ഉടമ്പടിയിൽ ആഹ്വാനം ചെയ്തു. പലസ്തീൻ അറബികൾക്ക് മാത്രമേ 'സ്വയം നിർണ്ണയാവകാശമുള്ളൂ എന്നും രാജ്യം മുഴുവൻ അവർക്ക് അവകാശപ്പെട്ടതാണെന്നും' അവർ പ്രസ്താവിച്ചു (പ്രമാണം 3, 21). സായുധ പോരാട്ടത്തിലൂടെയുള്ള 'രാജ്യത്തിന്റെ സമ്പൂർണ്ണ മോചനമാണ്' അത് മുന്നോട്ട് വച്ച പരിഹാരം; ഏതൊരു രാഷ്ട്രീയ പരിഹാരത്തെയും അത് തള്ളിക്കളഞ്ഞു (പ്രമാണം 9, 21). 'യിസ്രായേലിനെതിരെയുള്ള യുദ്ധം നിയമാനുസൃതമാണെന്നും എന്നാൽ യിസ്രായേലിന്റെ സ്വയം പ്രതിരോധം നിയമ വിരുദ്ധമാണെന്നും' അത് പ്രഖ്യാപിച്ചു (പ്രമാണം 18, 22). എങ്കിലും, 1973-ലെ യോം കിപ്പൂർ യുദ്ധത്തിലെ അറബ് പരാജയത്തിന് ശേഷം, സൈനികമായി യിസ്രായേലിനെ പരാജയപ്പെടുത്താൻ അറബികൾക്ക് കഴിയില്ലെന്ന് അറാഫത്ത് തിരിച്ചറിഞ്ഞു. ഇതിനെത്തുടർന്ന് 1974-ൽ പാലസ്തീൻ വിമോചന സേന 'ഘട്ടംഘട്ടമായുള്ള തന്ത്രം' സ്വീകരിച്ചു. യിസ്രായേൽ ഒഴിഞ്ഞുകൊടുക്കുന്ന പശ്ചിമതീരത്തിലേയും ഗാസയിലെയും പ്രദേശങ്ങളിൽ ഒരു ഇടക്കാല ഭരണം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള രാഷ്ട്രീയ പരിഹാരത്തിനായി പ്രവർത്തിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. പിന്നീട്, ഗാസയുടെ നിയന്ത്രണം ഏറ്റെടുത്ത ശേഷം ഹമാസ് ചെയ്തതുപോലെ, ഈ പ്രദേശങ്ങളെ യിസ്രായേലിനെ ആക്രമിക്കാനുള്ള ഒരു താവളമായി ഉപയോഗിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം.




1993-ൽ പാലസ്തീൻ നേതാവ് യാസർ

അറഫാത്തും യിസ്രായേൽ പ്രധാന മന്ത്രി യിഷാക് റാബിനും ഓസ്‌ലോ കരാറിൽ ഒപ്പുവെച്ചു. അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റനാണ് അതിനെ പിന്തുണച്ചത്. ഇത് ഇരുവിഭാഗങ്ങളും പരസ്പരം അംഗീകരിക്കുന്നതിനും, പശ്ചിമതീരത്തിന്റെയും ഗാസയുടെയും പ്രദേശങ്ങളിൽ പാലസ്തീനികൾക്ക് താൽക്കാലിക സ്വയംഭരണത്തിനുള്ള ഒരു ചട്ടക്കൂടിനും വഴിയൊരുക്കി. സായുധ പോരാട്ടത്തിനും യിസ്രായേലിന്റെ നാശത്തിനും ആഹ്വാനം ചെയ്യുന്ന തങ്ങളുടെ പ്രമാണപത്രത്തിലെ വകുപ്പുകൾ ഉപേക്ഷിക്കാൻ പി.എൽ.ഒ (PLO) തയ്യാറായതായി തോന്നിപ്പിച്ചു. യിസ്രായേലുമായി കരാർ ഒപ്പിട്ടതിനെക്കുറിച്ച് സ്വന്തം പക്ഷത്തുനിന്നുള്ളവർ ചോദ്യം ചെയ്തപ്പോൾ, ഇത് 1974-ൽ പി.എൽ.ഒ അംഗീകരിച്ച 'ഘട്ടം ഘട്ടമായുള്ള നയം' ആണെന്നായിരുന്നു അറഫാത്തിന്റെ മറുപടി.

ഓസ്‌ലോ കരാറിന് ഏഴ് വർഷത്തിന് ശേഷം, 2000-ൽ, യഥാർത്ഥ സമാധാനത്തിനും യിസ്രായേലിന്റെ നിലനിൽപ്പിനുള്ള അവകാശത്തിനും പകരവുമായി പാലസ്തീനികൾ ആവശ്യപ്പെട്ട മിക്ക കാര്യങ്ങളും അവർക്കു നൽകാമെന്ന് യിസ്രായേൽ പ്രധാനമന്ത്രി എഹുദ് ബരാക് വാഗ്ദാനം ചെയ്തു. എന്നാൽ, യിസ്രായേലുമായി സമാധാനമുണ്ടാക്കാൻ തയ്യാറാകാത്ത അവർ, രണ്ടാം ഇന്റിഫാദായിലൂടെ വീണ്ടും തീവ്രവാദത്തിലേക്ക് മടങ്ങി. ഇതിനെക്കുറിച്ച് ഉയർന്നു വന്ന ഒരു അഭിപ്രായം ഇതാണ്: 'അവർ ഒരു പാലസ്തീൻ രാജ്യം ആഗ്രഹിച്ചിരുന്നുവെങ്കിലും, ഒരു ജൂത രാജ്യം നിലനിൽക്കുന്നതിൽ അവർക്ക് താല്പര്യമില്ലായിരുന്നു. യിസ്രായേലിന്റെ നാശമാണ് ഇപ്പോഴും അവരുടെ പ്രധാന ലക്ഷ്യം.'

2005-ൽ, യിസ്രായേൽ ഗാസയിൽ നിന്ന് പിന്മാറിയതിനുശേഷം, ഹമാസും ഫത്തായും (നിലവിൽ ഫലസ്തീൻ അതോറിറ്റി ഭരിക്കുന്ന പി.എൽ.ഒയുടെ രാഷ്ട്രീയ വിഭാഗം) തമ്മിലുണ്ടായ രക്തരൂക്ഷിതമായ ആഭ്യന്തര യുദ്ധത്തെത്തുടർന്ന് 2007-ൽ ഹമാസ് ഈ പ്രദേശം പിടിച്ചെടുത്തു. മുസ്ലീം ബ്രദർഹുഡിന്റെ ഒരു ശാഖയായ ഹമാസ്, ലോകമെമ്പാടും മുസ്ലീം ആധിപത്യം സ്ഥാപിക്കുക എന്ന അന്തിമ ലക്ഷ്യത്തോടെ ഒരു ഇസ്ലാമിക കാലിഫേറ്റ് പുനഃസ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഹമാസിന്റെ പ്രമാണപത്രം 'അല്ലാഹുവിനോടു വിശ്വസ്തത കാട്ടുന്നതിനും പാലസ്തീന്റെ ഓരോ ഇഞ്ച് ഭൂമിയിലും ഇസ്ലാമിന്റെ പതാക ഉയർത്തുന്നതിനും' പ്രതിജ്ഞാബദ്ധമാണ് (പ്രമാണം 6). ഈ പ്രദേശം മുഴുവൻ 'അന്ത്യദിനം വരെ ഭാവി മുസ്ലീം തലമുറകൾക്കായി സമർപ്പിക്കപ്പെട്ട ഒരു ഇസ്ലാമിക സ്വത്തായി (വഖഫ്)' വിശേഷിപ്പിക്കപ്പെടുന്നു. അതിൽ യിസ്രായേലിന്റെ നാശം ഉൾപ്പെട്ടിരിക്കുന്നു. 'യിസ്രായേൽ നിലനിൽക്കും, എന്നാൽ ഇസ്ലാം അതിന് മുൻപുള്ള മറ്റുള്ളവരെ തുടച്ചുനീക്കിയതുപോലെ അതിനെയും ഇല്ലാതാക്കുന്നതുവരെ മാത്രമേ അത് നിലനിൽക്കുകയുള്ളൂ.'

ഈ പ്രദേശം മുഴുവൻ 'ദാരുൽ ഇസ്ലാം' (ഇസ്ലാമിന്റെ ഭവനം) ആണെന്നും അന്ത്യവിധി ദിവസം (ലോകാവസാനം) വരെ മുസ്ലീങ്ങൾ ഇത് ഭരിക്കണമെന്നുമുള്ള ഇസ്ലാമിക പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഉടമ്പടി. മുസ്ലീം ലോകത്ത് ഇന്നും സ്വാധീനമുള്ള ഒരു ആശയമാണിത്. പശ്ചിമതീരത്തെ പാലസ്തീൻ അതോറിറ്റിയുടെ ഭരണത്തിന്റെ കീഴിൽ ജീവിക്കുന്ന ജനങ്ങൾ ഫത്തായുടെയും പ്രസിഡന്റ് അബ്ബാസിന്റെയും കീഴിലുള്ള നിലവിലെ സർക്കാരിനു നൽകുന്നതിനേക്കാൾ കൂടുതൽ പിന്തുണ ഹമാസിന് നൽകുന്നുണ്ട്.

## ട്രംപിന്റെ സമാധാനപദ്ധതി

രണ്ട് വർഷത്തെ സംഘർഷത്തിന് ശേഷം, യിസ്രായേലിനും ഗാസയ്ക്കും വേണ്ടി അമേരിക്കൻ പ്രസിഡന്റ് ട്രംപ് 20 ഇന സമാധാന പദ്ധതി തയ്യാറാക്കി. ഇത് ബന്ദികളുടെ തിരിച്ചുവരവിനും വെടിനിർത്തൽ കരാറിനും വഴിയൊരുക്കി. ഈ ലേഖനം എഴുതുന്ന സമയത്ത്, യിസ്രായേൽ ഗിവിലി എന്ന ബന്ദിയുടെ മൃതദേഹം കൂടി ഇനി വിട്ടുകിട്ടാനുണ്ട്.

ഒക്ടോബർ 13-ന് യിസ്രായേൽ പാർലമെന്റായ നെസെറ്റിൽ നടത്തിയ പ്രസംഗത്തിൽ ട്രംപ് ഈ സമാധാന ഉടമ്പടിയെ ഇപ്രകാരം പ്രശംസിച്ചു: 'ഒടുവിൽ സമാധാനം കൈവന്ന ഒരു പുണ്യഭൂമിയിൽ സൂര്യൻ ഉദിക്കുന്നു. ദൈവഹിതമാണെങ്കിൽ, ഈ മണ്ണും ഈ പ്രദേശവും എന്നും സമാധാനത്തിൽ നിലനിൽക്കും. യിസ്രായേലിനും ഈ മേഖലയിലെ എല്ലാ രാഷ്ട്രങ്ങൾക്കും ഇത് മഹത്തായ ഐക്യത്തിന്റെയും ശാശ്വതമായ സൗഹൃദത്തിന്റെയും ഒരു തുടക്കമാണ്. ഞാൻ അതിൽ ഉറച്ചു വിശ്വസിക്കുന്നു. ഇത് പുതിയൊരു പശ്ചിമേഷ്യയുടെ ചരിത്രപരമായ ഉദയമാണ്.'

ഇത് യാഥാർത്ഥ്യത്തേക്കാളുപരി ഇപ്പോഴും ഒരു സ്വപ്നമായി തുടരുന്നു. ഇതെഴുതുന്ന സമയത്ത്, വെടിനിർത്തൽ നിലനിൽക്കുന്നുണ്ടെങ്കിലും അവിടവിടെയായി അക്രമാസക്തമായ ഏറ്റുമുട്ടലുകൾ നടക്കുന്നുണ്ട്. ഒരു സ്വതന്ത്ര പരമാധികാര പലസ്തീൻ രാഷ്ട്രം നിലവിൽ വന്നാൽ മാത്രമേ ആയുധങ്ങൾ താഴെ വെക്കൂ എന്ന നിലപാടിലാണ് ഹമാസ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഒരു പലസ്തീൻ രാഷ്ട്രം രൂപീകരിക്കുന്നതിനെ യിസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു തള്ളിക്കളയുന്നു. അതുകൊണ്ട്, ഈ വിഷയം ഒരു പ്രതിസന്ധിയായി തുടരുകയാണ്.

ട്രംപിന്റെ 20 ഇന സമാധാന പദ്ധതി പ്രകാരം ഗാസയുടെ ഭരണത്തിൽ ഹമാസിന് പങ്കുണ്ടാവാൻ പാടില്ല. എന്നാൽ ഗാസയുടെ പുനർനിർമ്മാണ വേളയിൽ ഭരണം നടത്താൻ നിശ്ചയിച്ചിട്ടുള്ള 'സ്വതന്ത്ര സാങ്കേതിക വിദഗ്ധ സമിതിയിൽ' ആരൊക്കെ വേണമെന്ന് ഹമാസ് ഇപ്പോൾ തന്നെ തീരുമാനങ്ങൾ എടുത്തു തുടങ്ങിയിട്ടുണ്ട്. പുനർനിർമ്മാണ ഘട്ടത്തിന് മേൽനോട്ടം വഹിക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള 'അന്താരാഷ്ട്ര സ്ഥിരതാ സേനയുടെ' മേൽനോട്ടത്തിലായിരിക്കും ഈ സമിതി പ്രവർത്തിക്കുക.'

ഗാസയുടെ പുനർനിർമ്മാണത്തിന് ഏകദേശം 70 ബില്യൺ ഡോളർ ചിലവ് വരുമെന്നും, അനുകൂലമായ സാഹചര്യങ്ങളിൽ പോലും ഇത് പൂർത്തിയാക്കാൻ ഏഴ് മുതൽ ഇരുപത് വർഷംവരെ എടുക്കുമെന്നും കണക്കാക്കപ്പെടുന്നു. പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെല്ലാം തകർക്കപ്പെട്ടു. ഏകദേശം 80-90% കെട്ടിടങ്ങളും നശിപ്പിക്കപ്പെട്ടതോടെ പത്തുലക്ഷത്തിലധികം ആളുകൾ ഭവനരഹിതരായി. നിലവിൽ കൂടാരങ്ങളിൽ കഴിയുന്ന ഇവർ ശൈത്യകാലത്തിലെ മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിന്റെ ദുരിതമനുഭവിക്കുകയാണ്. പട്ടിണിയും പകർച്ചവ്യാധികളും വലിയൊരു ഭീഷണിയായി നിലനിൽക്കുന്നു.

ഗാസയുടെ പുനർനിർമ്മാണത്തിൽ പുരോഗതിയില്ലെങ്കിൽ സെഫന്യാവിന്റെ പ്രവചനം നിവർത്തിക്കപ്പെടും: ***'ഗസ്സാ നിർജ്ജനമാകും; അസ്കലോൻ ശൂന്യമായ്തീരും; അസ്തോദിനെ അവർ മദ്ധ്യാഹ്നത്തിങ്കൽ നീക്കിക്കളയും; എക്രോനു നിർമ്മൂലനാശം വരും. സമുദ്രതീരനിവാസികളായ ക്രേത്യജാതിക്കു അയ്യോ കഷ്ടം!***




***ഫെലിസ്ത്യദേശമായ കനാനേ, യഹോവയുടെ വചനം നിങ്ങൾക്കു വിരോധമായിരിക്കുന്നു; നിനക്കു നിവാസികൾ ഇല്ലാതാകുംവണ്ണം ഞാൻ നിന്നെ നശിപ്പിക്കും'*** (സെഫ. 2:4-5).

അവിടെ വസിക്കുന്ന ജനങ്ങളെ കരുതി, അങ്ങനെ സംഭവിക്കരുതെന്ന് നാം പ്രത്യാശിക്കുന്നു. ഇത് സംഭവിക്കുമോ ഇല്ലയോ എന്നത്, ഹമാസ് നിരായുധരാകാൻ തയ്യാറാകുന്നതിനെയും, യിസ്രായേലിനോടൊപ്പം സമാധാനപരമായി നിലകൊള്ളുന്ന ഒരു പുതിയ ഗാസയ്ക്കുവേണ്ടി അവർ വഴിയൊരുക്കുന്നതിനെയും ആശ്രയിച്ചിരിക്കും. യിസ്രായേലിനെ നശിപ്പിക്കുക എന്ന ലക്ഷ്യം പാലസ്തീനികൾ ഉപേക്ഷിക്കുകയും, സമാധാനത്തോടെ ജീവിക്കാനും ഇരുവിഭാഗങ്ങളുടെയും പ്രയോജനത്തിനായി ഈ പ്രദേശം കെട്ടിപ്പടുക്കാനും പ്രതിജ്ഞാബദ്ധരാകുകയും ചെയ്താൽ, ഇരുവർക്കും സമാധാനവും സുരക്ഷിതത്വവും ഉണ്ടായേക്കാം. അല്ലാത്തപക്ഷം, കൂടുതൽ യുദ്ധത്തിലേക്കും ശൂന്യതയിലേക്കും ദുരന്തത്തിലേക്കുമാണ് അവർ നീങ്ങുന്നത്.

## യിസ്രായേലിനും പശ്ചിമേഷ്യക്കും സമാധാനം നൽകാൻ ആർക്കാണ് കഴിയുക?

ബൈബിൾ അനുസരിച്ച്, ഈ കാലഘട്ടത്തിന്റെ അവസാന നാളുകളിൽ ലോകശ്രദ്ധ പശ്ചിമേഷ്യയിൽ കേന്ദ്രീകരിക്കും. ബൈബിൾ പ്രവചനങ്ങളിൽ താഴെ പറയുന്ന സംഭവങ്ങൾ കാണാം.

എർദോഗനെക്കുറിച്ചുള്ള പരാമർശം കൗതുകമുണർത്തുന്നു, കാരണം, തുർക്കി പുതിയ സിറിയൻ ഭരണകൂടത്തെ പിന്തുണയ്ക്കുകയും സിറിയയിൽ തങ്ങളുടെ സ്വാധീനം ഉറപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ട്രംപിന്റെ സമാധാന പദ്ധതിയുടെ ഭാഗമായുള്ള അന്താരാഷ്ട്ര സുസ്ഥിര സേനയിൽ ഉൾപ്പെട്ട് ഗാസയിലേക്ക് തങ്ങളുടെ സൈന്യത്തെ അയക്കാനും തുർക്കി ആഗ്രഹിക്കുന്നു. യിസ്രായേൽ ഈ നീക്കത്തെ തങ്ങളെ വളയാനും അടുത്ത യുദ്ധത്തിലേക്ക് നീങ്ങാനുമുള്ള ഒരു പദ്ധതിയായിട്ടാണ് കാണുന്നത്.

## ഇത് എങ്ങോട്ടാണ് ലോകത്തെ നയിക്കുന്നത്?

ഈ കാര്യങ്ങളെല്ലാം കൂട്ടിയിണക്കി നോക്കിയാൽ, മൂന്ന് പ്രവചന നിവൃത്തികൾ നമുക്ക് കാണാൻ സാധിക്കും:

1.വികലമായ ഒരു സമാധാന ഉടമ്പടി. ഇത് ഒടുവിൽ 'മരണവുമായുള്ള ഉടമ്പടി' ആയി മാറുകയും മറ്റൊരു യുദ്ധത്തിലേക്കും സംഘർഷത്തിലേക്കും നയിക്കുകയും ചെയ്യും (ദാനി. 9:27, യെശ. 28:14-22).

2. സിറിയ ഉൾപ്പെടുന്ന ഒരു യുദ്ധം, അത് ദമാസ്കസിന്റെ നാശത്തിൽ കലാശിക്കും *'ഇതാ, ദമ്മേശെക്ക് ഒരു പട്ടണമായിരിക്കാതവണ്ണം നീങ്ങിപ്പോയിരിക്കുന്നു; അതു ശൂന്യകൂമ്പാരമായ് തീരും'* ( യെശ. 17:1–3).

3. റഷ്യയോ തുർക്കിയോ നയിക്കുന്ന, വടക്കുനിന്നുള്ള ഒരു സൈന്യം ഉൾപ്പെടുന്നതാണ് ഗോഗ്-മാഗോഗ് യുദ്ധം. ഇതിൽ പേർഷ്യയും (ഇറാൻ) മറ്റ് മുസ്ലീം രാജ്യങ്ങളിൽ നിന്നുള്ള സഖ്യകക്ഷികളും ഉൾപ്പെടും (യെഹെ. 38:1 –6). അറേബ്യൻ ഉപദ്വീപിലെ രാജ്യങ്ങളും പാശ്ചാത്യ ശക്തികളും ഇതിനെ എതിർക്കും. എന്നാൽ, ഈ സൈന്യം 'യിസ്രായേൽ പർവ്വതങ്ങളിൽ' വെച്ച് ദൈവത്താൽ അത്ഭുതകരമായി നശിപ്പിക്കപ്പെടും (യെഹെ. 38:14–23).

ഈ സംഭവങ്ങളുടെ കൃത്യമായ സമയക്രമം നിശ്ചയിക്കുക എളുപ്പമല്ല, എങ്കിലും അന്ത്യകാലത്തിലെ ഏതെങ്കിലും ഘട്ടത്തിൽ ഇവയെല്ലാം സംഭവിക്കുമെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. ഇതിന്റെ പരിണിതഫലം മശിഹായുടെ മടങ്ങിവരവായിരിക്കും. ലോകരക്ഷകനായ യേശു, യെശയ്യാവ് 53-ലെ 'കഷ്ടമനുഭവിക്കുന്ന ദാസനായ മശിഹാ' എന്ന പ്രവചനം നിറവേറ്റുന്നതിനായി നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി ഒരിക്കൽ വന്നിരുന്നു.

*'അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസന പാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി'* (യെശ. 53:3–6).

നാം അവനിൽ ആശ്രയിക്കുമ്പോൾ അവൻ നമുക്ക് വ്യക്തിപരമായ സമാധാനം തരുന്നവനാണ്. *നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു.* (കൊലൊ. 1 :13–20).

അവിടുന്ന് വീണ്ടും വരുന്നു, ഈ സന്ദേശത്തോടുള്ള നമ്മുടെ പ്രതികരണമനുസരിച്ച് നീതിയോടെ ലോകത്തെ വിധിക്കാൻ അവിടുന്ന് വരുന്നു. യെഹൂദരെയും അറബികളെയും, ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും അവിശ്വാസികളെയും ഒരുപോലെ അവിടുന്ന് സ്നേഹിക്കുന്നു. പാപങ്ങളേക്കുറിച്ചു പശ്ചാത്തപിക്കാനും സുവിശേഷത്തിൽ വിശ്വസിക്കാനും അവിടുന്ന് നമ്മെ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു; അങ്ങനെ നമ്മുടെ മരണനിമിഷത്തിനായോ അല്ലെങ്കിൽ അവിടുത്തെ മഹത്തായ മടങ്ങിവരവിന്റെ ദിവസത്തിനായോ നമുക്ക് ഒരുങ്ങിയിരിക്കാം.*

# വരൾച്ചയും പ്രളയവും വരാൻ പോകുന്ന മഹാദുരന്തവും



ഇറാനിലെ ഇസ്ഫഹാനിലുള്ള ചരിത്രപരമായ അല്ലാഹേവേർദി പാലം, സയാൻ ദെറൂദ് നദിക്കു മുകലിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അത് ഇപ്പോൾ വരണ്ടുപോയി. സഹാദ്റൂദ് എന്നാൽ ജീവൻ നൽകുന്ന നദി എന്നർത്ഥം.

**2025** നവംബർ 23-ന് ഇറാന്റെ പ്രസിഡന്റ് പെസെഷ്കിയാൻ ആശ്ചര്യപ്പെടുത്തുന്ന ഒരു പ്രഖ്യാപനം നടത്തി: 'ഞങ്ങൾ ജലക്ഷാമം നേരിടുന്നു. മഴ പെയ്തില്ലെങ്കിൽ ടെഹ്റാനിൽ ജലവിതരണം പരിമിതപ്പെടുത്തേണ്ടി വരും. എന്നിട്ടും മഴ ലഭിച്ചില്ലെങ്കിൽ, നമുക്ക് ഒട്ടും വെള്ളമില്ലാത്ത അവസ്ഥയുണ്ടാകും. പൗരന്മാർ ടെഹ്റാൻ ഉപേക്ഷിച്ചു പോകേണ്ടിവരും.'

ഇതെഴുതുന്ന സമയത്ത് (ഡിസംബർ 17) തെഹ്റാനിൽ കുറച്ചു മഴ ലഭിച്ചെങ്കിലും ജല പ്രതിസന്ധി പരിഹരിക്കാനുതകുന്ന അളവിൽ മഴ ലഭിച്ചില്ല. വർഷങ്ങളായി കുറഞ്ഞതോതിൽ മഴ ലഭിക്കുന്നതും വലിയ ചൂടുള്ള കാലാവസ്ഥയുമാണ് ഈ പ്രതിസന്ധിക്ക് കാരണമായത്. ഈ വേനൽക്കാലത്ത് പല ദിവസങ്ങളിലും താപനില 40 ഡിഗ്രി സെൽഷ്യസിനും മുകളിലായിരുന്നു, ചില സമയങ്ങളിൽ ഇത് 50 ഡിഗ്രി സെൽഷ്യസ് (120 ഡിഗ്രി ഫാരൻഹീറ്റ്) വരെ ഉയരുകയുണ്ടായി.

ഇത് വെറുമൊരു കാലാവസ്ഥാ പ്രശ്നം മാത്രമല്ല. പരിസ്ഥിതി പ്രവർത്തകർ 'വാട്ടർ മാഫിയ' എന്ന് വിളിക്കുന്ന വിപ്ലവസേനയുടെ വർഷങ്ങളായുള്ള കെടുകാര്യസ്ഥതയാണ് ഈ പ്രതിസന്ധിക്ക് കാരണം. അണക്കെട്ടുകളുടെ നിർമ്മാണം, നദിയുടെ ഗതി തിരിച്ചുവിടൽ, അമിതമായ ഭൂഗർഭജല ഉപയോഗം തുടങ്ങിയ സുസ്ഥിരമല്ലാത്ത വൻകിട പദ്ധതികൾ നടപ്പിലാക്കാൻ തങ്ങളുടെ രാഷ്ട്രീയ സ്വാധീനം ദുരുപയോഗം ചെയ്തുവെന്നും, ഈ സാഹചര്യം ഇത്രയധികം വഷളാക്കിയതിൽ അവർക്ക് വലിയ പങ്കുണ്ടെന്നും ഇവർക്കെതിരെ ആരോപണമുണ്ട്.

ഇതിന്റെ ഫലമായി ടെഹ്റാനിലേക്ക് വെള്ളമെത്തിക്കുന്ന നദി വറ്റിവരണ്ടു, അണക്കെട്ടുകളും, ജലസംഭരണികളും ശൂന്യമായി, പൈപ്പുകളിൽ ദീർഘകാലമായി വെള്ളം വരാത്ത അവസ്ഥയാണ്. വയലുകളിൽ വിളകൾ നശിക്കുകയും കൃഷിയിടങ്ങൾ പൊടിപടലങ്ങളായി മാറുകയും ചെയ്യുന്നതോടെ ഭക്ഷണക്ഷാമം വർദ്ധിക്കുന്നു. നൂറ്റാണ്ടുകളായി ഭൂമിക്കടിയിൽ വെള്ളം ശേഖരിച്ചിരുന്ന കിണറുകളും ഭൂഗർഭജലസ്രോതസ്സുകളും തകർന്നതോടെ, അവയ്ക്ക് മുകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലംപതിക്കുന്നു.

നഗരത്തിന്റെ ചില ഭാഗങ്ങൾ വർഷ

ത്തിൽ 35 സെന്റിമീറ്റർ എന്ന നിരക്കിൽ താണുപോകുന്നു. ഇത് വീടുകൾക്കും റോഡുകൾക്കും കേടുപാടുകൾ വരുത്തുകയും വീടുകളിലേക്ക് വെള്ളം എത്തിക്കുന്ന ഭൂഗർഭ പൈപ്പുകൾക്ക് നാശം വരുത്തുകയും ചെയ്യുന്നു. ഭൂഗർഭ ജലസ്രോതസ്സുകൾ ഒരിക്കൽ തകർന്നാൽ അവ പുനഃസ്ഥാപിക്കാൻ കഴിയില്ല; അതിനർത്ഥം ഇനി മഴ പെയ്താൽ പോലും, ആ ജലസ്രോതസ്സ് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവെന്നാണ്.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിൽ ഇസ്ലാമിക ഭരണകൂടം പൂർണ്ണമായും പരാജയപ്പെട്ടു, എങ്കിലും യിസ്രായേലിനെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മിസൈലുകൾ നൽകിക്കൊണ്ട് തങ്ങളുടെ ഭീകര സംഘടനകളെ അവർ ഇപ്പോഴും സാമ്പത്തികമായി സഹായിക്കുന്നു. വൈരുദ്ധ്യമെന്നു പറയട്ടെ, ഈ ജലപ്രതിസന്ധി പരിഹരിക്കാൻ കഴിയുന്ന ഒരേയൊരു രാജ്യം യിസ്രായേലാണ്; സമാധാനത്തിന് പകരമായി അവർ അത്തരമൊരുസഹായം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ സമാധാനത്തിലോ സ്വന്തം ജനതയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലോ ഭരണകൂടത്തിന് താൽപ്പര്യമില്ല. രാജ്യത്തിന്റെ സുപ്രധാനമായ അടിസ്ഥാന സൗകര്യങ്ങൾ നന്നാക്കുന്നതിൽ പരാജയപ്പെടുമ്പോഴും, യുദ്ധങ്ങളെ പിന്തുണയ്ക്കുന്നതിനും വിനാശകരമായ ആയുധങ്ങൾ നിർമ്മിക്കുന്നതിനുമായി പണം പാഴാക്കുന്ന സർക്കാരിനോട് അവിടുത്തെ ജനങ്ങൾ കടുത്ത രോഷത്തിലാണ്.

നഗരങ്ങൾ ഒഴിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ജനങ്ങൾക്കിടയിൽ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്. ഇത്രയധികം ആളുകളെ എങ്ങനെ ഒഴിപ്പിക്കാൻ കഴിയുമെന്നും അവർ എങ്ങോട്ടു പോകുമെന്നും ജനങ്ങൾ ചോദിക്കുന്നു. ഇപ്പോൾ തന്നെ ചിലർ വെള്ളം ലഭ്യമായ കാസ്പിയൻ കടൽ തീരങ്ങൾ ലക്ഷ്യമാക്കി പടിഞ്ഞാറോട്ട് പലായനം ചെയ്യുന്നുണ്ട്. ഭാവിയിൽ അവർ തുർക്കിയിലേക്കും അതിനപ്പുറത്തേക്കും കൂടുതൽ പടിഞ്ഞാറോട്ട് നീങ്ങാൻ പരിശ്രമിച്ചേക്കാം.

കുറഞ്ഞ മഴ, അമിതമായ ചൂട് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ കൊണ്ടും, മുകളിൽ സൂചിപ്പിച്ചതുപോലെ മനുഷ്യന്റെ കൊടുകാര്യസ്ഥതയും അഴിമതിയും കൊണ്ടും ഈ പ്രതിസന്ധിയെ നിർവ്വചിക്കാം. എന്നാൽ, പരിഗണിക്കേണ്ട മറ്റൊരു വസ്തുത കൂടിയുണ്ട്. സ്വന്തം ജനതയെ അടിച്ചമർത്തുകയും, ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും, യിസ്രായേൽ ജനതയെയും ആ രാജ്യത്തെയും നശിപ്പിക്കാൻ വേണ്ടി പണവും വിഭവങ്ങളും ദുരുപയോഗം ചെയ്യുകയും ചെയ്യുന്ന അഴിമതി നിറഞ്ഞ ഒരു ഭരണകൂടത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി ഇറങ്ങുകയാണ്. തന്റെ ജനത്തെ അനുഗ്രഹിക്കുന്നവരെ താൻ അനുഗ്രഹിക്കുമെന്നും അവരെ ശപിക്കുന്നവരെ താൻ ശപിക്കുമെന്നും ദൈവം അരുളിച്ചെയ്യുന്നു.

അന്ത്യകാലത്ത് യിസ്രായേലിനെതിരെയുള്ള ഗോഗ് മാഗോഗ് യുദ്ധത്തിൽ പങ്കെടുക്കുന്ന സഖ്യകക്ഷികളിലൊന്നായി പേർഷ്യയെ/ആധുനിക ഇറാനെ യെഹെസ്കേൽ 38-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർ യിസ്രായേൽ പർവ്വതങ്ങളിൽ വെച്ച് നശിക്കുമെന്നും അവിടെ പറയുന്നു. യിരെമ്യാവ് 49-ൽ, ഏലാമിന്റെ (ആധുനിക ഇറാന്റെ ബൈബിൾ നാമങ്ങളിൽ ഒന്ന്) 'മുഖ്യ ബലമായ' അവരുടെ 'വില്ലിനെ ഒടിക്കും' എന്ന് ദൈവം അരുളിച്ചെയ്യുന്നു. ഇത് ആയുധങ്ങൾ പ്രയോഗിക്കാനുള്ള അവരുടെ ശേഷിയെ തകർക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ദൈവം അവരുടെ 'രാജാവിനെയും പ്രഭുക്കന്മാരെയും നശിപ്പിച്ചുകളയും,' അതായത് അവിടുത്തെ ഭരണാധികാരികൾ നീക്കം ചെയ്യപ്പെടും.

നഗരങ്ങൾ ഒഴിപ്പിക്കുന്നതിനെപ്പറ്റി ഇറാന്റെ പ്രസിഡന്റ് സംസാരിക്കുന്നു.

*പ്രവചനം ഇപ്രകാരം പറയുന്നു: 'ഞാൻ ഏലാമിന്റെ നേരെ ആകാശത്തിന്റെ നാലു ദിക്കിൽനിന്നും നാലു കാറ്റുവരുത്തി ഈ എല്ലാകാറ്റുകളിലേക്കും അവരെ ചിന്നിച്ചുകളയും;* ഏലാമിന്റെ ഭ്രഷ്ടന്മാർ ചെല്ലാത്ത ഒരു ജാതികയും ഉണ്ടായിരിക്കയില്ല' (യിരെമ്യാവു 49:36). സ്വേച്ഛാധിപത്യ ഇസ്ലാമിക ഭരണകൂടത്തിൽ നിന്നും പലായനം ചെയ്ത ആയിരക്കണക്കിന് ഇറാനിയൻ അഭയാർത്ഥികൾ നിലവിൽ അമേരിക്കയിലും യൂറോപ്പിലും താമസിക്കുന്നുണ്ട്. തെഹ്റാൻ നഗരം ഒഴിപ്പിക്കാൻ അവർ ഗൗരവമായി ആലോചിക്കുകയാണെങ്കിൽ, ഈ ആളുകൾ എവിടേക്ക് പോകും എന്നതാണ് പ്രധാന ചോദ്യം. ഇപ്പോൾ തന്നെ ചില ആളുകൾ വെള്ളം ലഭ്യമായ കാസ്പിയൻ കടൽ തീരങ്ങൾ ലക്ഷ്യമാക്കി പടിഞ്ഞാറോട്ട് പലായനം ചെയ്യുന്നുണ്ട്. എന്നാൽ അവിടെ താമസിക്കുന്നവർക്ക് പരിമിതമായ വിഭവങ്ങൾ മാത്രമേയുള്ളൂ, അതിനാൽ തെഹ്റാനിൽ നിന്നും മറ്റ് നഗരങ്ങളിൽ നിന്നും എത്തുന്ന വലിയൊരു ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ അവർക്ക് കഴിയില്ല. ഒരുപക്ഷേ, അവർ തുർക്കിയിലേക്കോ അതിനപ്പുറം കൂടുതൽ പടിഞ്ഞാറോട്ടോ നീങ്ങാൻ ശ്രമിച്ചേക്കും.

ഈ സാഹചര്യത്തിൽ അവർ 'കാലാവസ്ഥാ അഭയാർത്ഥികൾ' (Climate refugees) ആയി മാറും. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കാരണം മാറിതാമസിക്കാൻ നിർബന്ധിതരായ ആളുകളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണിത്. വർദ്ധിച്ചുവരുന്ന താപനില, വരൾച്ച, ജലക്ഷാമം എന്നിവയുടെ ഫലമായി ലോകത്തിന്റെ ചില ഭാഗങ്ങൾ വാസയോഗ്യമല്ലാതാകുന്നതോടെ, വരും ദിവസങ്ങളിൽ ഇതൊരു വലിയ പ്രതിഭാസമായി മാറുമെന്ന് പരിസ്ഥിതി പ്രവർത്തകർ മുന്നറിയിപ്പ് നൽകുന്നു.

**വരൾച്ചയും വെള്ളപ്പൊക്കവും**. വരൾച്ചാ ഭീഷണി നേരിടുന്ന ഏക രാജ്യം ഇറാൻ മാത്രമല്ല. പടിഞ്ഞാറൻ ഏഷ്യയിലെ ഏറ്റവും നീളം കൂടിയ നദിയാണ് യൂഫ്രട്ടീസ്. തുർക്കി, സിറിയ, ഇറാഖ് എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്ന ഈ നദി പിന്നീട് ടൈഗ്രിസ് നദിയുമായി ചേരുന്നു. ആയിരക്കണക്കിന് വർഷങ്ങളായി ഈ രണ്ട് നദികളാണ് മെസപ്പൊത്തോമിയയിലെ (രണ്ട് നദികൾക്കിടയിലുള്ള പ്രദേശം) ബാബിലോൻ, നിനവേ (അസീറിയ) തുടങ്ങിയ മഹത്തായ നഗരങ്ങളെയും സംസ്കാരങ്ങളെയും നിലനിർത്തിപ്പോന്നത്. വരണ്ട പ്രദേശമായ ഇവിടെ ശുദ്ധജലത്തിന്റെ ഏക പ്രധാന സ്രോതസ്സ് ഈ നദികളായതിനാൽ, ഇവ ഈ പ്രദേശത്തെ ഫലഭൂയിഷ്ഠവും ഉൽപ്പാദനക്ഷമവുമാക്കി മാറ്റി.

തുർക്കിയിലെയും സിറിയയിലെയും അണക്കെട്ട് നിർമ്മാണം, കാലാവസ്ഥാ വ്യതിയാനം, കെടുകാര്യസ്ഥത എന്നിവയുടെ ഫലമായി യൂഫ്രട്ടീസ് നദിയിലെ ജലപ്രവാഹം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ചില കണക്കുകൾ പറയുന്നത് 2040-ഓടെ യൂഫ്രട്ടീസ് നദി പൂർണ്ണമായും അപ്രത്യക്ഷമായേക്കാമെന്നാണ്. താപനില വർദ്ധിക്കുകയും മഴയുടെ അളവ് കുത്തനെ കുറയുകയും മണ്ണൊലിപ്പ് സംഭവിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി, പുരാതന ബാബിലോനിയൻ, പേർഷ്യൻ സാമ്രാജ്യങ്ങളെ പോഷിപ്പിച്ചിരുന്ന ഇറാഖിലെ ഫലഭൂയിഷ്ഠമായ സമതലങ്ങളിൽ കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യക്ഷാമം പതിവാകുകയും മലിനീകരണ തോത് ഉയരുകയും ചെയ്യുന്നത് മനുഷ്യർക്കും കന്നുകാലികൾക്കും ഇടയിൽ രോഗങ്ങൾ പടരാൻ കാരണമാകുന്നു. ഗ്രാമപ്രദേശങ്ങളിൽ നിന്ന് ആളുകൾ നഗരങ്ങളിലേക്ക് പലായനം ചെയ്യുകയാണ്, എന്നാൽ ഇത്രയധികം ആളുകളെ ഉൾക്കൊള്ളാൻ നഗരങ്ങൾക്ക് ശേഷിയില്ല. തിരുത്താൻ കഴിയാത്ത പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു മാനുഷിക ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പുകൾ നിലനിൽക്കുന്നു.

ഫലഭൂയിഷ്ഠമായ ആവാസ വ്യവസ്ഥയെ പരിപോഷിപ്പിച്ചിരുന്ന തടാകങ്ങളും തണ്ണീർത്തടങ്ങളും ഇപ്പോൾ വറ്റിപ്പോകുകയും ഈ പ്രദേശത്തേക്ക് വിഷാംശമുള്ള പൊടിപടലങ്ങൾ പുറന്തള്ളുകയും ചെയ്യുന്നു.

നദികൾ വറ്റി വരണ്ട് അപ്രത്യക്ഷമാകുന്നത് നമ്മിലേക്ക് അന്ത്യകാലരംഗം വരുന്നതിന്റെ ലക്ഷണമാണ്. വെളിപ്പാട് 9:14, 16:12 വാക്യങ്ങളിൽ നാം അത് വായിക്കുന്നു: '***ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കു നിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിനു അതിലെ വെള്ളം വറ്റിപ്പോയി.***'

എല്ലായിടത്തും വരൾച്ച മാത്രമല്ല അനുഭവപ്പെടുന്നത്. ഞാൻ ഈ ലേഖനം എഴുതുന്ന സമയത്തുപോലും, വടക്കൻ ഇറാഖിൽ കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിന്റെ വാർത്തകൾ പുറത്തുവരുന്നുണ്ട്. പഞ്ചാബിൽ, മുമ്പെങ്ങുമില്ലാത്തവിധം ഉണ്ടായ വെള്ളപ്പൊക്കം ആയിരക്കണക്കിന് ഗ്രാമങ്ങളെ മുക്കി എന്ന് മാത്രമല്ല, ദശലക്ഷക്കണക്കിന് ഏക്കർ കൃഷിഭൂമി നശിപ്പിക്കുകയും ചെയ്തു. അരി, കരിമ്പ്, ചോളം, പച്ചക്കറികൾ, പരുത്തി തുടങ്ങിയ പ്രധാന വിളകൾ നശിച്ചു. ഇത് 20 ലക്ഷത്തിലധികം ആളുകളെ കുടിയൊഴിപ്പിക്കാനും 7,60,000 മനുഷ്യരെയും 5,16,000 കന്നുകാലികളെയും മാറ്റിപ്പാർപ്പിക്കാനും കാരണമായി.

2025-ൽ ചൈനയിൽ അതിരൂക്ഷമായ കാലാവസ്ഥാ വ്യതിയാനം കാരണം തുടർച്ചയായി അണക്കെട്ടുകൾ തകരുകയും അത് വ്യാപകമായ വെള്ളപ്പൊക്കത്തിലേക്ക് നയിക്കുകയും ചെയ്തു. വെള്ളപ്പൊക്കം ഉണ്ടായിടത്തെല്ലാം കാർഷിക വിളകളും നദിക്കരയോട് ചേർന്നുണ്ടായിരുന്ന വ്യവസായശാലകളും നശിച്ചു. അവയിൽ നിന്നുള്ള വിഷലിപ്തമായ അവശിഷ്ടങ്ങൾ നദികളിലേക്ക് ഒഴുകിയെത്തിയത് മലിനീകരണ പ്രശ്നം രൂക്ഷമാക്കി. ചൈനയിലെ നദികളിൽ ഏകദേശം 10 ശതമാനവും ഇപ്പോൾ കടുത്ത മലിനീകരണത്തിലാണ്. അതേസമയം വടക്കൻ ചൈനയിൽ അതിരൂക്ഷമായ വരൾച്ചയാണ് അനുഭവപ്പെടുന്നത്. അങ്ങനെ ഒരേ രാജ്യത്ത് തന്നെ ഒരേസമയം വരൾച്ചയും വെള്ളപ്പൊക്കവും ദുരിതം വിതയ്ക്കുന്നു.

അണക്കെട്ടുകൾ ഉണ്ടാക്കുന്ന പ്രശ്നം. അണക്കെട്ടുകൾ വലിയൊരു ശല്യമായി മാറിയിരിക്കുകയാണ്. യൂഫ്രട്ടീസ് നദിയിലെ പ്രതിസന്ധിക്ക് ഒരു കാരണം, തുർക്കി, നദിയുടെ ഉറവിടത്തിൽ നിർമ്മിച്ച അണക്കെട്ടുകളാണ്; ഇത് സ്വാഭാവികമായ ജലപ്രവാഹത്തിൽ മാറ്റം വരുത്തി. ഫലത്തിൽ, ഇറാഖിന് ലഭിക്കേണ്ട ജലം തുർക്കി തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. അണക്കെട്ടുകളുടെ നിർമ്മാണം നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നത് ഇറാന്റെ ജലപ്രതിസന്ധിക്കും ഒരു കാരണമാണ്

ചൈന യാങ്സി നദിയിൽ ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ടായ ത്രീ ഗോർജസ് ഡാം നിർമ്മിച്ചു. ഇതിന്റെ നിർമ്മാണത്തിനായി പത്ത് ലക്ഷത്തിലധികം ആളുകളെ അവിടെ നിന്നും കുടിയൊഴിപ്പിക്കേണ്ടിവന്നു. ഈ അണക്കെട്ടിന് പിന്നിലായി ഒരു കൂറ്റൻ തടാകം തന്നെ രൂപപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഈ അണക്കെട്ട് തകരുകയാണെങ്കിൽ, വുഹാൻ, ഷാങ്ഹായ് ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ വലിയ പ്രളയമുണ്ടാകുമെന്നും, ഏകദേശം 40 കോടിയോളം ആളുകളുടെ മരണത്തിന് അത് കാരണമാകുമെന്നും ആശങ്കകളുണ്ട്. കൂടാതെ, മ്യാൻമർ, ലാവോസ്, കംബോഡിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്ന മെകോങ് പോലുള്ള പ്രധാന നദികളെ ബാധിക്കുന്ന തരത്തിൽ ഹിമാലയത്തിലും ചൈന അണക്കെട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. തിബറ്റിലെ

യാർലംഗ് സാങ്പോ നദിയിലും ചൈന ഒരു അണക്കെട്ട് നിർമ്മിക്കുന്നുണ്ട്. ഇത് ഇന്ത്യയിലേക്കും ബംഗ്ലാദേശിലേക്കും ഒഴുകുന്ന ബ്രഹ്മപുത്ര നദിയിലെ ജലലഭ്യതയെ ബാധിക്കും. ഈ അണക്കെട്ടുകൾ ഒഴുക്ക് കുറയ്ക്കുക മാത്രമല്ല, എക്കൽ മണ്ണ് മുകൾ ഭാഗത്ത് തന്നെ തങ്ങിനിൽക്കാൻ കാരണമാവുകയും ചെയ്യുന്നു. ഇത് കൃഷിയെ ഗുരുതരമായി ബാധിക്കും. ബംഗ്ലാദേശിലെ ജനസംഖ്യയുടെ 70 ശതമാനവും ബ്രഹ്മപുത്ര നദീതടത്തിലാണ് താമസിക്കുന്നത്. അതിനാൽ നദിയിലുണ്ടാകുന്ന ഏതൊരു മാറ്റവും അവിടുത്തെ ജനങ്ങളുടെ ഉപജീവനത്തെ സാരമായി ബാധിക്കാൻ സാധ്യതയുണ്ട്.

ഈജിപ്തിന്റെ ജീവനാഡിയാണ് നൈൽ നദി. മധ്യ ആഫ്രിക്കയിൽ നിന്നും എത്യോപ്യയിലെ പർവ്വതനിരകളിൽ നിന്നും ഉത്ഭവിച്ച് സുഡാനിലൂടെയും ഈജിപ്തിലൂടെയും ഒഴുകി ഇത് മെഡിറ്ററേനിയൻ കടലിൽ ചേരുന്നു. നീല നൈൽ നദിയിൽ എത്യോപ്യ, ഗ്രാൻഡ് എത്യോപ്യൻ റിനൈസൻസ് അണക്കെട്ട് നിർമ്മിച്ചിട്ടുണ്ട്. ഇത് ഈജിപ്തിലേക്കുള്ള ജലപ്രവാഹത്തെ തടസ്സപ്പെടുത്തുമെന്ന് ഈജിപ്ത് ആശങ്കപ്പെടുന്നു. എന്നാൽ ജലപ്രവാഹത്തെ ബാധിക്കില്ലെന്ന് എത്യോപ്യ ഉറപ്പുനൽകിയിട്ടുണ്ടെങ്കിലും, ഈ വിഷയം മേഖലയിൽ ഇപ്പോഴും വലിയൊരു തർക്കവിഷയമായി തുടരുകയാണ്.

1970-ൽ നിർമ്മിച്ച ഈജിപ്തിലെ ഹൈ അസ്വാൻ ഡാം, ആ രാജ്യത്തിന്റെ പരിസ്ഥിതിയെ സാരമായി ബാധിക്കുകയും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്തിട്ടുണ്ട്. നൈൽ നദിയുടെ സ്വാഭാവിക ഒഴുക്കിനെ ഇത് തടസ്സപ്പെടുത്തിയതോടെ, അണക്കെട്ടിന് മുകളിൽ എക്കൽ മണ്ണ് അടിഞ്ഞുകൂടാനും താഴെ മണ്ണൊലിപ്പ് സംഭവിക്കാനും തുടങ്ങി. അണക്കെട്ടിന്റെ നിർമ്മാണത്തിന് മുമ്പ്, മധ്യ ആഫ്രിക്കയിൽ നിന്നുള്ള ഫലഭൂയിഷ്ഠമായ എക്കൽ മണ്ണ് നൈൽ നദിയിലൂടെ ഈജിപ്തിലേക്ക് ഒഴുകിയെത്തിയിരുന്നു. നദിയിലെ കാലാനുസൃതമായ വെള്ളപ്പൊക്കത്തിൽ ഈ മണ്ണ് തീരങ്ങളിൽ വന്നടിയുകയും, ഇത് കൃഷിക്ക് അനുയോജ്യമായ ഫലഭൂയിഷ്ഠമായ സാഹചര്യം ഒരുക്കുകയും ചെയ്തു. ബൈബിളിലെ ഉല്പത്തി, പുറപ്പാട് എന്നീ പുസ്തകങ്ങളിൽ പറയുന്നതുപോലെ സഹസ്രാബ്ദങ്ങളോളം ഈ മണ്ണാണ് ഈജിപ്തിനെ പോഷിപ്പിച്ചത്. പുതിയ നിയമ കാലഘട്ടത്തിൽ, ഈജിപ്ത് റോമൻ സാമ്രാജ്യത്തിന്റെ 'ധാന്യപ്പുര' എന്നാണ് അറിയപ്പെട്ടിരുന്നത്. പൗലൊസ് അപ്പൊസ്തലൻ റോമിലേക്കുള്ള യാത്രയിൽ അലക്സാണ്ട്രിയയിൽ നിന്നുള്ള ഒരു ധാന്യക്കപ്പലിൽ കയറിയതായി ബൈബിളിൽ (അപ്പൊ. 27:6) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ന്, ഈജിപ്തിലെ പാടങ്ങൾക്ക് പോഷണം നൽകിയിരുന്ന ആ എക്കൽ മണ്ണ് അസ്വാൻ ഡാമിന് പിന്നിൽ അടിയുകയാണ്. തൽഫലമായി, കർഷകർ വിഷാംശമുള്ള കൃത്രിമ വളങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതരാകുന്നു. ഈ വളങ്ങൾ പിന്നീട് നൈൽ നദിയിൽ ഒലിച്ചെത്തുകയും താഴോട്ടൊഴുകുന്ന ജലത്തിൽ കലർന്ന് പരിസ്ഥിതിയെ നശിപ്പിക്കുകയും ചെയ്യുന്നു.

ഈ പ്രതിസന്ധിയെപ്പറ്റി ബൈബിളിൽ പ്രവചിച്ചിട്ടുണ്ട്. നൈൽ നദി മലിനമാകും എന്ന് യെശയ്യാവ് 19 പ്രവചിക്കുന്നു:

***'സമുദ്രത്തിൽ വെള്ളം ഇല്ലാതെയാകും; നദി വറ്റി ഉണങ്ങിപ്പോകും. നദികൾക്കു നാറ്റം പിടിക്കും; മിസ്രയീമിലെ തോടുകൾ വറ്റി ഉണങ്ങും; ഞാങ്ങണയും വേഴവും വാടിപ്പോകും. നദിക്കരികെയും നദീതീരത്തും ഉള്ള പുൽപുറങ്ങളും നദീതീരത്തു വിതെച്ചതൊക്കെയും ഉണങ്ങി പറന്നു ഇല്ലാതെപോകും. മീൻപിടിക്കുന്നവർ***

*വിലപിക്കും; നദിയിൽ ചൂണ്ടൽ ഇടുന്നവരൊക്കെയും ദുഃഖിക്കും; വെള്ളത്തിൽ വല വീശുന്നവർ വിഷാദിക്കും* (യെശ. 19:5–8).

ബൈബിൾ കാലഘട്ടത്തിലെ രണ്ട് പ്രധാന നദികളായ നൈലും യൂഫ്രട്ടീസും, അന്ത്യകാലത്ത് ഏതെങ്കിലും തരത്തിലുള്ള പരിസ്ഥിതി ദുരന്തങ്ങളാൽ ബാധിക്കപ്പെടുമെന്ന പ്രവചനങ്ങൾ ശ്രദ്ധേയമാണ്. പ്രവാചകർക്ക് അവരുടെ പരിധിക്ക് പുറത്തുള്ള നദികളെക്കുറിച്ച് അറിവില്ലായിരുന്നു, അതിനാൽ ഒരുപക്ഷേ ഇത് അന്ത്യകാലത്ത് ലോകത്തെ ബാധിക്കുന്ന പൊതുവായ പാരിസ്ഥിതിക പ്രശ്നങ്ങളുടെ സൂചനയാകാം.

## പരിസ്ഥിതിയും അന്ത്യകാലവും

നമ്മുടെ ഗ്രഹത്തിന്റെ ഉപരിതലത്തിലെ മുക്കാൽ ഭാഗത്തിലധികം ഭൂമിയും ക്രമാനുഗതമായി വരണ്ടുകൊണ്ടിരിക്കുകയാണ്. ലോകമെമ്പാടും വനങ്ങൾ നശിപ്പിക്കപ്പെടുന്നു, പച്ചപ്പ് അപ്രത്യക്ഷമാകുന്നു, ഒരുകാലത്ത് ഫലഭൂയിഷ്ഠമായ മണ്ണിന് അതിന്റെ പോഷകഗുണം നഷ്ടപ്പെടുന്നു. ഐക്യരാഷ്ട്രസഭയുടെ ഫലഭൂയിഷ്ഠത നശിച്ചു മരുഭൂമിയാകുന്നതിനെ നേരിടുന്നതിനുള്ള സമിതി മുന്നറിയിപ്പ് നൽകുന്നത്, ഈ പ്രവണത തുടരുകയാണെങ്കിൽ നൂറ്റാണ്ടിന്റെ അവസാനത്തോടെ 500 കോടി ആളുകൾ വരണ്ട പ്രദേശങ്ങളിൽ വസിക്കേണ്ടി വരുമെന്നാണ്. ഇത് മണ്ണ് നശിക്കുന്നതിനും ജലസ്രോതസ്സുകൾ കുറയുന്നതിനും സുപ്രധാനമായ ആവാസ വ്യവസ്ഥകളുടെ തകർച്ചയ്ക്കും കാരണമാകും. ഭൂമി വരണ്ടുപോകുമ്പോൾ അത് വലിയ പ്രത്യാഘാതത്തിന് വഴി തെളിക്കുന്നു. പ്രതിശീർഷ വരുമാന നഷ്ടം, നിർബന്ധിത കുടിയേറ്റം, പൊടിക്കാറ്റുകൾ മൂലമുള്ള മരണനിരക്ക് വർദ്ധിക്കൽ, കാട്ടുതീയുടെ തീവ്രത, മണ്ണൊലിപ്പ്, സസ്യജാലങ്ങളുടെ നാശം, ജലത്തിന്റെയും മണ്ണിന്റെയും ലവണാംശം വർദ്ധിക്കൽ എന്നിവ ഇതിൽ ചിലതാണ്. സസ്യജാലങ്ങളുടെ അഭാവത്തിൽ, ചെടികളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഉപരിതലം മഴവെള്ളത്തിൽ ഒലിച്ചുപോകുകയോ കാറ്റിൽ പറന്നുപോകുകയോ ചെയ്യുന്നു, ഇതോടൊപ്പം പ്രധാന പോഷകങ്ങളും നഷ്ടപ്പെടുന്നു.

അതേസമയം, സർക്കാരുകൾ കാലാവസ്ഥയിൽ കൃത്രിമം കാണിക്കുകയും ഭൂമിയെ തണുപ്പിക്കാനും മഴ പെയ്യിക്കാനുമായുള്ള മേഘ വിത്തുപാകൽ (Cloud seeding) അന്തരീക്ഷത്തിലേക്ക് സൾഫർ ഡയോക്സൈഡ് വ്യാപിപ്പിക്കുക തുടങ്ങിയ രഹസ്യമായ ജിയോ എഞ്ചിനീയറിംഗ് പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ മഴ അമ്ലമഴയായി പെയ്യുകയാണെങ്കിൽ, അത് ആവാസവ്യവസ്ഥയ്ക്കും കൃഷിക്കും മനുഷ്യന്റെ ആരോഗ്യത്തിനും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തും. ഭൂമിയിൽ വന്നുകൊണ്ടിരിക്കുന്ന ഈ പ്രതിസന്ധി, വെളിപ്പാട് പുസ്തകത്തിൽ മഹോപദ്രവകാലത്തെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന പ്രകൃതി ദുരന്തങ്ങളുമായി അസാമാന്യ സാമ്യം കാണിക്കുന്നു.

*'ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി. രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കു എറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു. മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവുകളിന്മേലും ആയിരുന്നു വീണതു. ആ നക്ഷത്രത്തിനു കാ*

*ഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരംപോലെ ആയി; വെള്ളം കൈപ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി. നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിന്നും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിന്നും ബാധ തട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി'* (വെളി. 8:7–12).

ഈ വേദഭാഗം സൂചിപ്പിക്കുന്നത് ഏഴ് വർഷം നീണ്ടുനിൽക്കുന്ന മഹോപദ്രവകാലത്തെക്കുറിച്ചും അന്ന് സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുമാണെങ്കിലും, ഇതിൽ പ്രവചിച്ചിരിക്കുന്ന ദുരന്തങ്ങൾ ഇന്ന് ഭാഗികമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. സസ്യജാലങ്ങളും മരങ്ങളും കൃഷികളും നശിപ്പിക്കപ്പെടുന്നു, സമുദ്രത്തിലെ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നു, ജലം പാനയോഗ്യമല്ലാതാകുന്നു. കൂടാതെ, പലയിടങ്ങളിലും അന്തരീക്ഷ മലിനീകരണം കാരണം ആകാശം ഇരുളുകയും സൂര്യപ്രകാശം തടസ്സപ്പെടുകയും ചെയ്യുന്നു.

*'അതിനുശേഷം അസഹനീയമായ കൊടിയ ചൂട് ഉണ്ടാകും. 'നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പൊൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിനു അധികാരം ലഭിച്ചു. മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവനു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല'* (വെളി. 16:8–9).

ഈ സംഭവിക്കുന്നതിന്റെയെല്ലാം ഉത്തരവാദിത്തം മനുഷ്യനാണെന്ന് യെശയ്യാവ് 24 സൂചിപ്പിക്കുന്നു. മനുഷ്യൻ ഭൂമിയെ തെറ്റായ രീതിയിൽ കൈകാര്യം ചെയ്തതും ദൈവത്തിന്റെ വചനത്തോട് അനുസരണക്കേട് കാട്ടിയതും അതിന്റെ കാരണങ്ങളാണ്.

*'ഭൂമി ദുഃഖിച്ചു വാടിപ്പോകുന്നു; ഭൂതലം ക്ഷയിച്ചു വാടിപ്പോകുന്നു; ഭൂമിയിലെ ഉന്നതന്മാർ ക്ഷീണിച്ചു പോകുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രാമണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിനു ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ടു ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ടു ഭൂവാസികൾ ദഹിച്ചുപോയി ചുരുക്കംപേർ മാത്രം ശേഷിച്ചിരിക്കുന്നു. ഇതെല്ലാം വലിയ ഭയമുളവാക്കുന്നതാണ്, പ്രത്യേകിച്ച്, നമുക്ക് അക്കാര്യത്തിൽ അധികമൊന്നും ചെയ്യാൻ കഴിയില്ലെന്ന് നാം മനസ്സിലാക്കുമ്പോൾ അത് നമ്മെ ഭയപ്പെടുത്തുന്നു:*

*'സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും'* ലൂക്കോസ് 21:25–28

യേശു ക്രിസ്തു മടങ്ങിവരുമ്പോൾ ഇപ്പോൾ ലോകത്തിൽ സംഭവിക്കുന്ന ദുരവസ്ഥയോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങളും അവിടുന്ന് പരിഹരിക്കും.✱




ഈ ചെറു പുസ്തകം ആവശ്യക്കാർക്ക് ലഭിക്കുന്നതാണ്.

# മശിഹാ പ്രവചനങ്ങൾ



**ബൈ**ബിളിനെ ഒരു നിസ്തുല്യ ഗ്രന്ഥമെന്ന് വിളിക്കാനുള്ള കാരണം അതിൽ നിറവേറ്റപ്പെട്ട നിരവധി പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നു. കൂടാതെ, ഭാവിയെക്കുറിച്ചുള്ള വിവരങ്ങളും അത് നമുക്ക് നൽകുന്നു. ഭാവി പ്രവചനങ്ങൾ നിറവേറ്റപ്പെടുമെന്ന് നാം വിശ്വസിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന് മുൻകാലങ്ങളിലെ നിരവധി പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറിയതാണ്. ഈ പ്രവചനങ്ങൾ കേവലം അവ്യക്തമായ സൂചനകളല്ല, മറിച്ച് വളരെ കൃത്യമായ സ്വഭാവത്തോടു കൂടിയവയാണ്. ഈ പ്രവചനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ കർത്താവായ യേശു ക്രിസ്തുവിന്റെ അഥവാ അവന്റെ എബ്രായ നാമമായ ജെഷുവാ മശിഹായുടെ ജീവിതത്തെയും മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ചുള്ളവയാണ്.

യേശുക്രിസ്തു തന്റെ ഒന്നാം വരവിൽ നിറവേറ്റിയ പ്രധാന മശിഹൈക പ്രവചനങ്ങളെക്കുറിച്ചും, രണ്ടാം വരവിൽ താൻ നിറവേറ്റാനിരിക്കുന്ന പ്രവചനങ്ങളെക്കുറിച്ചും ഈ ലേഖനത്തിൽ ഞങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ഈ പ്രവചനങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ വ്യാഖ്യാനങ്ങൾക്കെതിരെ ഉയരുന്ന ആക്ഷേപങ്ങൾക്കുള്ള മറുപടികളും വിവിധ ലേഖനങ്ങളിലായി ഞങ്ങൾ ഈ വെബ്സൈറ്റിൽ https://messiahfactor.com നൽകിയിട്ടുണ്ട്. ഇതിന്റെ അച്ചടിച്ച പതിപ്പ് ആവശ്യപ്പെടുന്നവർക്ക് ലഭ്യമാണ്.

## ഇതിനകം നിവർത്തിക്കപ്പെട്ട മശിഹൈക പ്രവചനങ്ങൾ

### മശിഹാ ബേത്ത്ലഹേമിൽ ജനിക്കും:

**പ്രവചനം:** 'നീയോ, ബേത്ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ' (മീഖാ 5:2, യെഹൂദ ബൈബിളിൽ 5:1).

**നിവർത്തീകരണം:** 'ഹേരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്ത്ലഹേമിൽ ജനിച്ച ശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി....ഹെരോദാരാജാവു അതു കേട്ടിട്ടു അവനും യെരൂശലേം ഒക്കെയും ഭ്രമിച്ചു, ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തി: ക്രിസ്തു എവിടെ ആകുന്നു ജനിക്കുന്നതു എന്നു അവരോടു ചോദിച്ചു. അവർ അവനോടു: യെഹൂദ്യയിലെ ബേത്ത്ലഹേമിൽ തന്നേ:

"യെഹൂദ്യ ദേശത്തിലെ ബേത്ത്ലഹേമേ, നീ യെഹൂദ്യ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽ നിന്നു പുറപ്പെട്ടുവരും" എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നു പറഞ്ഞു' (മത്തായി 2:1–6, ലൂക്കൊസ് 2:1–20) കാണുക. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക. https://messiahfactor. com/the-birth-of-the-messiah/

### മശിഹാ കന്യകയിൽ ജനിക്കും:

**പ്രവചനം:** 'അതു കൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും' (യെശ. 7:14).

**നിവർത്തീകരണം:** എന്നാൽ യേശു ക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരുമ്മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു..... കർത്താവിന്റെ ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു (എബ്രായ ഭാഷയിൽ യേശുവ, രക്ഷയെന്ന് അർത്ഥം) എന്നു പേർ ഇടേണം എന്നു പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും" എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു' (മത്താ.1:18–25).

യെശയ്യാവ് 7:14–ലെ കന്യക എന്ന പരിഭാഷയോടുള്ള വിയോജിപ്പിന്റെയും യേശുവിന്റെ കന്യാജനനവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെയും മറുപടിക്കായി ഞങ്ങളുടെ 'കന്യകാ ജനനത്തിൽ നമുക്കു വിശ്വസിക്കാമോ?' എന്ന വെബ്സൈറ്റ് നോക്കുക. https://messiahfactor.com/can-we-believe-in-the-virgin-birth

## മശിഹാ ഒരു പുത്രനായിരിക്കും, താൻ സർവ്വശക്തനായ ദൈവവുമായിരിക്കും:

**പ്രവചനം:** 'നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും' (യെശ.9:6).

**നിവർത്തീകരണം:** 'പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവ പുത്രൻ എന്നു വിളിക്കപ്പെടും' (ലൂക്കൊ. 1 :35).

മശിഹായുടെ ദൈവത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കായി ഞങ്ങളുടെ ലേഖനം വായിക്കുക https://messiahfactor.com/messiah-a-great-man-or-a-divine-person/

## അത്ഭുതങ്ങളുടെ ശുശ്രൂഷയോടൊപ്പം മശീഹാ സദ്വാർത്ത പ്രസംഗിക്കും:

**പ്രവചനം:** 'എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും.' (യെശ. 61:1

**നിവർത്തീകരണം:** 'യേശു പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും സകലവിധദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു' (മത്താ. 9:35. ലൂക്കൊ. 4:16–21 കാണുക).

## മശിഹാ ഉപമകളാൽ ഉപദേശിക്കും:

**പ്രവചനം:** 'ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; പുരാതന കടങ്കഥകളെ ഞാൻ പറയും' (സങ്കീ. 78:2).

**നിവർത്തീകരണം:** 'ഇതു ഒക്കെയും യേശു പുരുഷാരത്തോടു ഉപമകളായി പറഞ്ഞു; ഉപമ കൂടാതെ അവരോടു ഒന്നും പറഞ്ഞില്ല' (മത്താ. 13:34).

## മശിഹാ ജാതികൾക്ക് വെളിച്ചമായിരിക്കും:

**പ്രവചനം:** 'എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമാക്കി വെച്ചുമിരിക്കുന്നു' (യെശ. 49:6).

**നിവർത്തീകരണം:** 'ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്ത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.'' (ലൂക്കൊ. 2:30–32 മത്താ. 28:18–20, അപ്പൊ. 13:47–48).

## മശിഹാ കഴുതപ്പുറത്ത് യെരുശലേമിൽ പ്രവേശിക്കും:

**പ്രവചനം:** 'സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺ കഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു' (സെഖ. 9:9).

**നിവർത്തീകരണം:** 'കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു; അവൻ കയറി ഇരുന്നു. പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു: മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്നു കൊമ്പു വെട്ടി വഴിയിൽ വിതറി' (മത്താ. 21:1–11).

## മശിഹാ തിരസ്കരിക്കപ്പെടുകയും യാഗമാവുകയും ചെയ്യും:

**പ്രവചനം:** 'അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല' (യെശ. 53:3).

'വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നിരിക്കുന്നു.... യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗ പശുവിനെ കയറുകൊണ്ടു കെട്ടുവിൻ' (സങ്കീ. 118:22, 27).

**നിവർത്തീകരണം:** 'അന്നു മുതൽ യേശു താൻ യെരൂശലേമിൽ ചെന്നിട്ടു, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണ്ടതു എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി' (മത്താ. 16:21).

## മശിഹാ മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുക്കപ്പെടും:

**പ്രവചനം:** 'ഞാൻ അവരോടു: നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ എന്റെ കൂലി തരുവിൻ; ഇല്ലെന്നുവരികിൽ തരേണ്ടാ എന്നു പറഞ്ഞു; അങ്ങനെ അവർ എന്റെ കൂലിയായി മുപ്പതു വെള്ളിക്കാശു തൂക്കിത്തന്നു. എന്നാൽ യഹോവ എന്നോടു: അതു ഭണ്ഡാരത്തിൽ ഇട്ടുകളക; അവർ എന്നെ മതിച്ചിരിക്കുന്ന മനോഹരമായോരു വില തന്നേ എന്നു കല്പിച്ചു; അങ്ങനെ ഞാൻ ആ മുപ്പതു വെള്ളിക്കാശു വാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടുകളഞ്ഞു' (സെഖ. 11:12–13).

**നിവർത്തീകരണം:** 'അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഈസ്കര്യോത്താവു മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു: നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചുതരാം എന്നു പറഞ്ഞു: അവർ അവനു മുപ്പതു വെള്ളിക്കാശു തൂക്കിക്കൊടുത്തു.' (മത്താ. 26:14–15. മത്താ. 27:3–10 കാണുക). യൂദാസിനെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക https://messiahfactor.com/betrayal-of-jesus-by-judas/.

## ശിഷ്യന്മാർ മശിഹായെ തള്ളിക്കളയും:

**പ്രവചനം:** 'വാളേ, എന്റെ ഇടയന്റെ നേരെയും എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു; ആടുകൾ ചിതറിപ്പോകേണ്ടതിനു ഇടയനെ വെട്ടുക; ഞാൻ ചെറിയവരുടെ നേരെ കൈ തിരിക്കും.' (സെഖ. 13:7).

**നിവർത്തീകരണം:** 'ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടു ഓടിപ്പോയി.' (മർക്കൊ. 14:50).

## കുറ്റാരോപകർക്കു മുന്നിൽ മശിഹാ മിണ്ടാതിരിക്കും:

**പ്രവചനം:** 'തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു' (യെശ. 53:7).

**നിവർത്തീകരണം:** 'മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല' (മത്താ. 27:12).

## മശിഹാ നിന്ദിക്കപ്പെടും:

**പ്രവചനം:** 'എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ അധരം മലർത്തി തല കുലുക്കുന്നു; യഹോവയിങ്കൽ നിന്നെത്തന്നേ സമർപ്പിക്ക! അവൻ അവനെ രക്ഷിക്കട്ടെ! അവൻ അവനെ വിടുവിക്കട്ടെ! അവനിൽ പ്രസാദമുണ്ടല്ലോ' (സങ്കീ. 22:7–8).

**നിവർത്തീകരണം:** 'അങ്ങനെ തന്നേ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല; അവൻ യിസ്രായേലിന്റെ രാജാവു ആകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങിവരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവനു ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ; ഞാൻ ദൈവപുത്രൻ എന്നു അവൻ പറഞ്ഞുവല്ലോ എന്നു പറഞ്ഞു' (മത്താ. 27:41–43).

## മശിഹാ ക്രൂശീകരണത്താൽ മരിക്കും

**പ്രവചനം:** 'അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു' (സങ്കീ. 22:16). 'തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും' (സെഖ. 12:10).

**നിവർത്തീകരണം:** 'തലയോടിടം എന്ന സ്ഥലത്തു എത്തിയപ്പോൾ അവർ അവിടെ അവനെയും ദുഷ്പ്രവൃത്തിക്കാരെയും, ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി, ക്രൂശിച്ചു' (ലൂക്കൊ. 23:33).

സങ്കീർത്തനങ്ങൾ 22-ന്റെ പഠനത്തിനായും 'അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു' വാക്യത്തിന്റെ പരിഭാഷയ്ക്കും ഞങ്ങളുടെ ലേഖനം വായിക്കുക https://messiahfactor.com/psalm-22

## മശിഹാ ലോകത്തിന്റെ പാപം ചുമക്കും:

**പ്രവചനം:** 'നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി' (യെശ. 53:6).

**നിവർത്തീകരണം:** 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചു തന്നുവല്ലോ' (1 കൊരി. 15:3–4).

## മശിഹാ അതിക്രമക്കാർക്കുവേണ്ടി മധ്യസ്ഥത ചെയ്യും:

**പ്രവചനം:** 'അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു....' (യെശ. 53:12).

**നിവർത്തീകരണം:** എന്നാൽ യേശു: "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ' എന്നു പറഞ്ഞു (ലൂക്കൊ. 23:34).

'അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു' (എബ്രാ. 7:25–26).

## മശിഹായുടെ അസ്ഥികളൊന്നും ഒടിഞ്ഞുപോകയുമില്ല:

**പ്രവചനം:** 'അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു; അവയിൽ ഒന്നും ഒടിഞ്ഞുപോകയുമില്ല' (സങ്കീ. 34:20. പുറ. 12:46, സംഖ്യാ. 9:22 കാണുക).

**നിവർത്തീകരണം:** 'അവർ യേശുവിന്റെ അടുക്കൽ വന്നു, അവൻ മരിച്ചുപോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല..... അവന്റെ ഒരു അസ്ഥിയും ഒടിഞ്ഞുപോകയില്ല" എന്നുള്ള തിരുവെഴുത്തു നിവൃത്തിയാകേണ്ടതിനു ഇതു സംഭവിച്ചു' (യോഹ. 19:32, 36).

## മശിഹാ ധനവാന്റെ കല്ലറയിൽ അടക്കപ്പെടും:

**പ്രവചനം:** 'അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു' (യെശ. 53:9).

**നിവർത്തീകരണം:** 'സന്ധ്യയായപ്പോൾ അരിമഥ്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ വന്നു, പീലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു; പീലത്തൊസ് അതു ഏല്പിച്ചുകൊടുപ്പാൻ കല്പിച്ചു. യോസേഫ് ശരീരം എടുത്തു നിർമ്മല ശീലയിൽ പൊതിഞ്ഞു, താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ലു ഉരുട്ടിവെച്ചിട്ടു പോയി' (മത്താ. 27:57–60).

മശിഹായുടെ കഷ്ടത്തെപ്പറ്റിയും യെശ. 53–ന് അതിനോടുള്ള ബന്ധത്തെപ്പറ്റിയുമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന ഞങ്ങളുടെ ലേഖനങ്ങൾ വായിക്കുക

https://messiahfactor.com/the-suffering-of-isaiah-53/

https://messiahfactor.com/atonement-sacrifices-and-blood/

https://messiahfactor.com/crucifixion-accounts/

## മശിഹാ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും:

**പ്രവചനം:** 'നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല. ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും' (സങ്കീ. 16:10–11).

'ജീവനുള്ളവരുടെ ദേശത്തുനിന്നു അവൻ ഛേദിക്കപ്പെട്ടു..... അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും' (യെശ. 53:8,10).

**നിവർത്തീകരണം:** 'നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതു എന്തു? അവൻ ഇവിടെ ഇല്ല ഉയിർത്തെഴുന്നേറ്റിരിക്കുന്നു' (ലൂക്കൊ. 2:5–6).

'അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ (യേശു) ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു' (അപ്പൊ. 1 :3).

'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു' 1 കൊരി. 15:3–4).

പുനരുത്ഥാനത്തിന്റെ വിവരണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ വായിക്കുക. https://messiahfactor.com/resurrection-accounts/

## മശിഹായിൽ കൂടി രക്ഷയെന്ന സന്ദേശം ലോകത്തെല്ലാം അറിയിക്കും:

**പ്രവചനം:** 'സകല ഭൂസീമാവാസികളു

മായുള്ളോരേ, എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ; ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ. എന്നാണ എന്റെ മുമ്പിൽ ഏതു മുഴങ്കാലും മടങ്ങും; ഏതു നാവും സത്യം ചെയ്യും എന്നി ങ്ങനെ എന്റെ വായിൽനിന്നു നീതിയും മടങ്ങാത്ത ഒരു വചനവും പുറപ്പെട്ടിരി ക്കുന്നു' (യെശ. 45:22–23).

**നിവർത്തീകരണം:** 'യേശു അടുത്തു ചെന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്ക പ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെ യും പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശി ച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളി ച്ചെയ്തു' (മത്താ. 28:18–19).

## മശിഹായുടെ ആദ്യത്തെ വരവിനെ സംബന്ധിച്ച ഉപസംഹാരം.

യേശുവിന്റെ ജീവിതത്തിൽ 300-ൽ അധികം പ്രവചന തിരുവെഴുത്തുകൾ നിറവേറിയതായി ബൈബിൾ പണ്ഡി തന്മാർ പറയുന്നു. ജനനസ്ഥലം, വംശാവലി, വധശിക്ഷയുടെ രീതി തുടങ്ങിയ സാഹചര്യങ്ങൾ അവന്റെ നിയന്ത്രണത്തിനുമപ്പുറമായിരുന്നു. അവയൊരിക്കലും ആകസ്മികമായോ മനപൂർവ്വമായോ നിറവേറപ്പെടാനാ കില്ല.

'*ശാസ്ത്രം സംസാരിക്കുന്നു*'(science speaks) എന്ന പുസ്തകത്തിൽ, യേശു നിവർത്തിച്ച പ്രവചനങ്ങളിൽ വെറും എട്ടെണ്ണം മാത്രം, ഒരാൾ — അത് യാദൃ ശ്ചികമായോ മനപ്പൂർവ്വമോ ആകട്ടെ — നിറവേറ്റുന്നതിലെ സ്ഥിതിവിവരക്കണ ക്കുകൾ പ്രകാരമുള്ള അസാധ്യതയെ പ്പറ്റി പീറ്റർ സ്റ്റോണറും റോബർട്ട് ന്യൂമാനും ചർച്ച ചെയ്യുന്നുണ്ട്. ഇത് സംഭവിക്കാനുള്ള സാധ്യത $10^{17}$-ൽ 1 മാത്രമാണ്. അതായത്, 100,000,000,000, 000,000-ൽ 1.

'ഈ സാധ്യതയുടെ വ്യാപ്തി എത്ര ത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ സ്റ്റോണർ ഒരു ഉദാഹരണം നൽകു ന്നുണ്ട്: 'നാം $10^{17}$ വെള്ളി ഡോളർ നാണയങ്ങൾ എടുത്ത് ടെക്സസ് സംസ്ഥാനത്ത് (ഏകദേശം ഫ്രാൻസി ന്റെയത്ര വിസ്തീർണ്ണമുള്ള സ്ഥലം) നിരത്തുന്നു എന്ന് കരുതുക. അവ ആ സംസ്ഥാനം മുഴുവൻ രണ്ടടി ഉയര ത്തിൽ മൂടിക്കിടക്കും. ഇനി, ഈ നാണ യങ്ങളിൽ ഒരെണ്ണം മാത്രം അടയാള പ്പെടുത്തി, ആ കൂമ്പാരം മുഴുവൻ സംസ്ഥാനത്തുടനീളം നന്നായി ഇള ക്കിമറിക്കുക. ഒരാളുടെ കണ്ണുകെട്ടി യിട്ട്, അയാൾക്ക് ആഗ്രഹിക്കുന്നിട ത്തോളം ദൂരം സഞ്ചരിക്കാമെന്നും, എന്നാൽ ഒരൊറ്റ നാണയം മാത്രമേ എടുക്കാവൂ എന്നും, അത് ആ അടയാള പ്പെടുത്തിയ നാണയം തന്നെയായിരി ക്കണമെന്നും പറയുക. ശരിയായ ആ നാണയം തന്നെ ലഭിക്കാൻ അയാൾക്ക് എത്ര സാധ്യതയുണ്ട്? പ്രവാചകന്മാർ അവരുടെ സ്വന്തം ബുദ്ധി ഉപയോഗി ച്ചാണ് ഈ പ്രവചനങ്ങൾ എഴുതിയ തെങ്കിൽ, അക്കാലം മുതൽ ഇന്നുവരെ ജീവിച്ച ഏതെങ്കിലും ഒരു വ്യക്തിയിൽ ഈ എട്ട് പ്രവചനങ്ങളും ഒരുപോലെ നിറവേറാൻ എന്തെങ്കിലും സാധ്യത യുണ്ടോ, അതേ സാധ്യത മാത്രമേ മേൽപ്പറഞ്ഞ കാര്യത്തിലുമുള്ളൂ. യേശുവിൽ നിറവേറിയ 300, 44 അല്ലെ ങ്കിൽ, എന്തിന് വെറും എട്ട് പ്രവചന ങ്ങളുടെ ഗണിത ശാസ്ത്രപരമായ അസാധ്യത, അവന്റെ മശിഹാത്വ ത്തിനും ബൈബിൾ ദൈവവചനമാ ണെന്നതിനും ശക്തമായ തെളിവായി നിലകൊള്ളുന്നു.'*

# മശിഹായുടെ രണ്ടാം വരവിനെ പറ്റിയുള്ള പ്രവചനങ്ങൾ



മശിഹായെക്കുറിച്ചുള്ള നിറവേറപ്പെടാത്ത പ്രവചനങ്ങളും ഉണ്ട്. എബ്രായ തിരുവെഴുത്തുകളിൽ ഇവ 'കർത്താവിന്റെ ദിവസം', അന്ത്യകാലം (എബ്രായ ഭാഷയിൽ അചരിത് ഹ യാമിം — acharit ha yamim) എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിൽ ഇവ യേശുവിന്റെ രണ്ടാമത്തെ വരവുമായി ബന്ധപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ദിവസത്തെയോ രണ്ടാമത്തെ വരവിനെയോ സംബന്ധിച്ചുള്ളതും, നിറവേറിക്കൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ നിറവേറാനിരിക്കുന്നതോ ആയ ചില പ്രധാന പ്രവചനങ്ങൾ താഴെ നൽകുന്നു.

## കർത്താവിന്റെ ദിവസത്തിന് മുൻപ് സമാനതകളില്ലാത്ത കഷ്ടത്തിന്റെ സമയമാണ്:

**പ്രവചനം.** 'ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും' (ദാനി. 12:1).

**നിവർത്തീകരണം.** 'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും' (മത്താ. 24:21).

ഈ കഷ്ടതയുടെ മുഖ്യസ്ഥാനം യെരൂശലേമായിരിക്കും: പ്രവചനം. 'അന്നാളിൽ ഞാൻ യെരൂശലേമിനെ സകലജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും' (സെഖ. 12:3).

**നിവർത്തീകരണം.** 'സൈന്യങ്ങൾ യെരൂശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ... ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും' (ലൂക്കൊ. 21:20–24).

## അന്ത്യയുദ്ധത്തിന് രാജ്യങ്ങളെകൂട്ടിച്ചേർക്കും:

പ്രവചനം. 'ചുറ്റുമുള്ള സകല ജാതികളുമായുള്ളോരേ, ബദ്ധപ്പെട്ടു വന്നുകൂടുവിൻ! യഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ. ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്വരയിലേക്കു പുറപ്പെടട്ടെ' (യോവേൽ 3:11–12).

**നിവർത്തീകരണം.** 'ഇവ സർവ്വ ഭൂതത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാ ദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പറുപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ... അവ അവരെ എബ്രായ ഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു' (വെളിപ്പാട് 16: 14–16).

## മശിഹാ ആകാശമേഘങ്ങളിൽ വരും:

**പ്രവചനം.** 'രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടു

ക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി.' (ദാനി. 7:13).

**നിവർത്തീകരണം.** 'അപ്പോൾ മനുഷ്യ പുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും' (മത്താ. 24:30).

## കുത്തിത്തുളയ്ക്കപ്പെട്ടവനായി മശിഹാ പ്രത്യക്ഷനാകും

**പ്രവചനം:** 'ഞാൻ ദാവീദ് ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെ മേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും; ഏക ജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യ ജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവൻ അവനെക്കുറിച്ചു വ്യസനിക്കും' (സെഖ. 12:10).

**ഭാവി നിവർത്തീകരണം.** 'ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു, ആമേൻ' (വെളി. 1 :7).

## കർത്താവിന്റെ വരവിൽ നിന്ന് ദുഷ്ടന്മാർ ഓടിപ്പോകും:

**പ്രവചനം.** 'യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേല്ക്കുമ്പോൾ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭ നിമിത്തവും പാറകളുടെ ഗഹ്വരങ്ങളിലും പൊട്ടിയ പാറകളുടെ വിള്ളലുകളിലും കടക്കേണ്ടതിനു തങ്ങൾ നമസ്കരിപ്പാൻ വെള്ളികൊണ്ടും പൊന്നുകൊണ്ടും ഉണ്ടാക്കിയ മിത്ഥ്യാ മൂർത്തികളെ മനുഷ്യർ ആ നാളിൽ തുരപ്പനെലിക്കും നരിച്ചീറിനും എറിഞ്ഞുകളയും' (യെശ. 2:20–21)

**ഭാവി നിവർത്തീകരണം.** 'ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ' (വെളി. 6:15–16).

## മശിഹാ ഒലിവ് മലയിൽ വരും:

**പ്രവചനം.** 'ഞാൻ സകലജാതികളെയും യെരൂശലേമിനോടു യുദ്ധത്തിന്നായി കൂട്ടിവരുത്തും; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോകയും ചെയ്യും; ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്നു ഛേദിക്കപ്പെടുകയില്ല. എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധ ദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും' (സെഖ. 14:2–3).

**ഭാവി നിവർത്തീകരണം.** 'യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു. അവർ യെരൂശലേമിനു സമീപത്തു ഒരു ശബ്ബത്ത് ദിവസത്തെ വഴി ദൂരമുള്ള ഒലീവ് മലവിട്ടു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു' (അപ്പൊ. 1 :11–12).

## കർത്താവ് ഭൂമിയിൽ നീതിയും സമാധാനവും സ്ഥാപിക്കും:

**പ്രവചനം.** 'അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വത

ങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകലജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹു വംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല' (യെശ. 2:2–4).

**ഭാവി നിവർത്തീകരണം**. 'അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു... ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു.... ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും' (വെളി. 20:1–6).

ഈ വിഷയത്തെപ്പറ്റി കൂടുതൽ അറിയാൻ ഞങ്ങളുടെ ലഘുപുസ്തകം വായിക്കുക, 'മശിഹായും യിസ്രായേലും അന്ത്യദിനങ്ങളും' https://messiah factor.com/messiah-israel-and-the-end-of-days/

യേശു ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ അക്ഷരാർത്ഥത്തിൽ നിറവേറിയതുപോലെ, അവിടുത്തെ രണ്ടാം വരവിനെക്കുറിച്ചുള്ള പ്രവചനങ്ങളും അക്ഷരാർത്ഥത്തിൽ തന്നെ നിറവേറും. തന്റെ ഒന്നാം വരവിലെ സന്ദേശത്തോട് നാം എങ്ങനെ പ്രതികരിച്ചു എന്നതിനെ അടിസ്ഥാനമാക്കി, രണ്ടാം വരവിൽ യേശു ലോകത്തെ നീതിയോടെ വിധിക്കും. നമ്മുടെ പാപങ്ങൾക്കായി ക്രൂശിൽ മരിക്കുകയും, പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ നൽകുന്നതിനായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത മശിഹായാണ് യേശു. അതേ മശിഹാ വീണ്ടും വരും; ഇത്തവണ, ദൈവം നമുക്ക് പരിപാലിക്കാൻ നൽകിയ ഈ ലോകത്തെ മനുഷ്യർ വരുത്തിവെച്ച നാശങ്ങളിൽ നിന്ന് ഉദ്ധരിക്കാൻ ദൈവത്തിന്റെ സകല ശക്തിയുമുള്ള രാജാവായിട്ടായിരിക്കും താൻ വരുന്നത്. ഈ മഹത്തായ സംഭവത്തിനായി ഒരുങ്ങേണ്ട സമയമിതാണ്. കർത്താവായ യേശു മശിഹായിൽ വിശ്വസിക്കൂ, നിങ്ങൾ രക്ഷിക്കപ്പെടും!

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ 'മശിഹാ ഘടകം' (The Messiah factor) എന്ന പുസ്തകവും മശിഹായുടെ മടങ്ങിവരവിന്റെ 10 ലക്ഷണങ്ങൾ' എന്ന ലഘുപുസ്തകം ആവശ്യപ്പെടുക. എബ്രായ (Hebrew) ബൈബിൾ ഉൾപ്പെടെ നിങ്ങൾക്ക് ബൈബിൾ ആവശ്യമെങ്കിൽ, അയച്ചുതരാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.*

# ഉപസംഹാരം



**ഞ**ങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

**"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.**

**പിതാവേ, എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.**

**യേശുവിന്റെ നാമത്തിൽ, ആമേൻ."**


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 /9207976381/9447976381

E-mail : hopemsn@hopemsn.org


സ്വകാര്യ വിതരണത്തിന് മാത്രം. **അന്ത്യനാളുകൾക്കു വെളിച്ചം**